entri

Monthly

# Current Affairs

April 2025



# INDEX


- ആബേൽ പുരസ്കാരം 2025
- സരസ്വതി സമ്മാൻ പുരസ്കാരം 2024
- കേരള ഫിലിം ക്രിട്ടിക്സ് അവാർഡ് 2024
- ഖേലോ ഇന്ത്യ പാരാ ഗെയിംസ് 2025
- സീനിയർ നാഷണൽ ഖോ ഖോ ചാമ്പ്യൻഷിപ്പ് 2025
- ഇന്ത്യൻ സൂപ്പർ ലീഗ് (ഐഎസ്എൽ) 2024-25
- മയാമി ഓപ്പൺ 2025
- ആര്യഭട്ട
- ലോകം
- ഇന്ത്യ
- കേരളം
- കായികം
- സാഹിത്യം
- മറ്റ് പുരസ്കാരങ്ങൾ
- ശാസ്ത്ര സാങ്കേതിക മേഖല
- കേരളം - പദ്ധതികൾ
- സിനിമ
- നിയമനങ്ങൾ
- വിയോഗം
- വേദികൾ
- സൈനികാഭ്യാസം
- പ്രധാന ദിനങ്ങൾ

# ആബേൽ പുരസ്കാരം 2025

- 2025-ലെ ആബേൽ പുരസ്കാരത്തിന് അർഹനായത് - മസാകി കഷിവാര
  - ➔ സമമിതിയെക്കുറിച്ചുള്ള (symmetry) ഗണിതശാസ്ത്ര സിദ്ധാന്തമായ റിപ്രസന്റേഷൻ തിയറി (representation theory) യിലും അൽജെബ്രായിക് അനാലിസിസ് (algebraic analysis) മേഖലയിലും നൽകിയ സംഭാവനകളാണ് കഷിവാരയെ പുരസ്കാരത്തിന് അർഹനാക്കിയത്.
  - ➔ ജപ്പാനിലെ പ്രശസ്ത ഗണിതശാസ്ത്രജ്ഞനാണ് മസാകി കഷിവാര.
  - ➔ ആദ്യമായാണ് ഒരു ജാപ്പനീസ് പൗരൻ ഈ അവാർഡിന് അർഹനാകുന്നത്.
  - ➔ 2024-ലെ ആബേൽ പുരസ്കാര ജേതാവ് - മിഷേൽ തലാഗ്രാൻഡ്
  - ➔ 2023-ലെ ആബേൽ പുരസ്കാര ജേതാവ് - ലൂയീസ് കഫറെലി

# സരസ്വതി സമ്മാൻ പുരസ്കാരം 2024

- കെ.കെ.ബിർല ഫൗണ്ടേഷന്റെ 2024-ലെ സരസ്വതി സമ്മാൻ പുരസ്കാരത്തിന് അർഹനായത് - മഹാമഹോപാധ്യായ സാധു ഭദ്രേഷ്ദാസ്
  - ➔ കൃതി - സ്വാമിനാരായണ സിദ്ധാന്ത
  - ➔ 2023 ലെ സരസ്വതി സമ്മാൻ പുരസ്കാരത്തിന് അർഹനായ മലയാള കവി - പ്രഭാ വർമ്മ (കൃതി - രൗദ്ര സാത്വികം)
  - ➔ 2022 ലെ സരസ്വതി സമ്മാൻ പുരസ്കാരത്തിന് അർഹയായ തമിഴ് എഴുത്തുകാരി - ശിവശങ്കരി

# കേരള ഫിലിം ക്രിട്ടിക്സ് അവാർഡ് 2024

- 48-ാമത് കേരള ഫിലിം ക്രിട്ടിക്സ് അവാർഡ്

- ജൂറി ചെയർമാൻ - ഡോ. ജോർജ് ഓണക്കൂർ
- മികച്ച സിനിമ - ഫെമിനിച്ചി ഫാത്തിമ (സംവിധാനം : ഫാസിൽ മുഹമ്മദ്)
- മികച്ച രണ്ടാമത്തെ ചിത്രം- സൂക്ഷ്മദർശിനി (സംവിധാനം : എം.സി ജിതിൻ)
- മികച്ച ജനപ്രിയ ചിത്രം - അജയന്റെ രണ്ടാം മോഷണം (സംവിധാനം : ജിതിൻ ലാൽ)
- മികച്ച സംവിധായിക - ഇന്ദുലക്ഷ്മി (ചിത്രം : അപ്പുറം)
- മികച്ച നടൻ - ടൊവിനോ തോമസ് (ചിത്രങ്ങൾ : അജയന്റെ രണ്ടാം മോഷണം, അന്വേഷിപ്പിൻ കണ്ടെത്തും)
- മികച്ച നടി - നസ്രിയ നസീം (ചിത്രം സൂക്ഷ്മ ദർശനി), റിമ കല്ലിങ്കൽ (ചിത്രം തിയറ്റർ: മിത്ത് ഓഫ് റിയാലിറ്റി)
- മികച്ച സഹനടൻ - സൈജു കുറുപ്പ് (ചിത്രം: ഭരതനാട്യം, ദ് തേഡ് മർഡർ,സ്ഥാനാർഥി ശ്രീക്കുട്ടൻ), അർജുൻ അശോകൻ (ചിത്രം:ആനന്ദ് ശ്രീബാല, എന്ന് സ്വന്തം പുണ്യാളൻ, അൻപോട് കണ്മണി)
- മികച്ച സഹനടി - ഷംല ഹംസ (ചിത്രം ഫെമിനിച്ചി ഫാത്തിമ), ചിന്നു ചാന്ദ്നി (ചിത്രം : വിശേഷം)
- മികച്ച സംഗീത സംവിധാനം - രാജേഷ് വിജയ് (ചിത്രം : മായമ്മ)
- മികച്ച പിന്നണി ഗായകൻ - മധു ബാലകൃഷ്ണൻ (ഗാനം : ഓം സ്വസ്തി, ചിത്രം : സുഖിനോ ഭവന്തു)
- മികച്ച പിന്നണി ഗായിക: വൈക്കം വിജയലക്ഷ്മി (ഗാനം അങ്ങു വാനക്കോണില്, ചിത്രം അജയന്റെ രണ്ടാം മോഷണം), ദേവനന്ദ ഗിരീഷ് (ഗാനം : നാട്ടിനിടിയണ ചേകാടി പാടത്തെ, ചിത്രം : സുഖിനോ ഭവന്തു)
- ക്രിട്ടിക്സ് റൂബി ജൂബിലി അവാർഡ് - ജഗദീഷ്
- സമഗ്രസംഭാവനകളെ മാനിച്ച് നൽകുന്ന ചലച്ചിത്രരത്നം പുരസ്കാരത്തിന് അർഹനായ ചലച്ചിത്രനിരൂപകൻ - വിജയകൃഷ്ണൻ
- ചലച്ചിത്ര പ്രതിഭാപുരസ്കാരത്തിന് അർഹരായവർ - സീമ (നടി), ജൂബിലി ജോയ് തോമസ് (ചലച്ചിത്ര നിർമ്മാതാവ്), ബാബു ആന്റണി (നടൻ), വിപിൻ മോഹൻ (ഛായാഗ്രാഹകൻ, സംവിധായകൻ), ത്യാഗരാജൻ മാസ്റ്റർ (സംഘട്ടന സംവിധായകൻ)

## ഖേലോ ഇന്ത്യ പാരാ ഗെയിംസ് 2025

- ഖേലോ ഇന്ത്യ പാരാ ഗെയിംസിന്റെ രണ്ടാമത് പതിപ്പ്
- വേദി - ന്യൂഡൽഹി
- ഭാഗ്യചിഹ്നം - ഉജ്ജ്വല എന്ന കുരുവി
- 2025-ലെ ഖേലോ ഇന്ത്യ പാരാ ഗെയിംസിന്റെ മെഡൽ പട്ടികയിൽ ഒന്നാമതെത്തിയ സംസ്ഥാനം - ഹരിയാന
    - ➔ രണ്ടാം സ്ഥാനം - തമിഴ്നാട്
    - ➔ മൂന്നാം സ്ഥാനം - ഉത്തർപ്രദേശ്
    - ➔ 2023 ൽ നടന്ന ഖേലോ ഇന്ത്യ പാരാ ഗെയിംസിന്റെ ആദ്യ പതിപ്പിലും ഹരിയാന ആയിരുന്നു മെഡൽ പട്ടികയിൽ ഒന്നാമത്.
- 2023 ഡിസംബറിൽ സംഘടിപ്പിച്ച ഖേലോ ഇന്ത്യ പാരാ ഗെയിംസിന്റെ ആദ്യ പതിപ്പിന്റെ വേദിയും ന്യൂഡൽഹി ആയിരുന്നു.

## സീനിയർ നാഷണൽ ഖോ ഖോ ചാമ്പ്യൻഷിപ്പ് 2025

- 57-ാമത് സീനിയർ നാഷണൽ ഖോ ഖോ ചാമ്പ്യൻഷിപ്പ്
- വേദി - പുരി, ഒഡിഷ
- പുരുഷ ചാമ്പ്യൻഷിപ്പ് കിരീടം സ്വന്തമാക്കിയത് - റെയിൽവേസ്
    - ➔ ഫൈനലിൽ മഹാരാഷ്ട്രയെ പരാജയപ്പെടുത്തിയാണ് റെയിൽവേസ് കിരീടം സ്വന്തമാക്കിയത്.
- വനിതാ ചാമ്പ്യൻഷിപ്പ് കിരീടം സ്വന്തമാക്കിയത് - മഹാരാഷ്ട്ര
    - ➔ ഫൈനലിൽ ഒഡിഷയെ പരാജയപ്പെടുത്തിയാണ് മഹാരാഷ്ട്ര കിരീടം സ്വന്തമാക്കിയത്.

# ഇന്ത്യൻ സൂപ്പർ ലീഗ് (ഐഎസ്എൽ) 2024-25

- ഇന്ത്യൻ സൂപ്പർ ലീഗിന്റെ 11-ാമത് പതിപ്പ്
- ഐഎസ്എൽ കപ്പ് ജേതാക്കൾ - മോഹൻ ബഗാൻ സൂപ്പർ ജയന്റ്
  - ➔ ഫൈനലിൽ ബെംഗളൂരു എഫ്സിയെ 2-1 നു പരാജയപ്പെടുത്തിയാണ് മോഹൻ ബഗാൻ സൂപ്പർ ജയന്റ് കിരീടം സ്വന്തമാക്കിയത്.
  - ➔ 2022-23 സീസണിലെ ആദ്യ ഐഎസ്എൽ കിരീടത്തിനുശേഷം മോഹൻ ബഗാൻ സൂപ്പർ ജയന്റിന്റെ രണ്ടാമത്തെ ഐഎസ്എൽ കിരീടമാണിത്.
- ലീഗ് വിന്നേഴ്സ് ഷീൽഡ് സ്വന്തമാക്കിയത് - മോഹൻ ബഗാൻ സൂപ്പർ ജയന്റ്
- സൂപ്പർലീഗിന്റെ ചരിത്രത്തിൽ ആദ്യമായാണ് ഒരു ക്ലബ് ലീഗ് വിന്നേഴ്സ് ഷീൽഡും ഐഎസ്എൽ കപ്പും ഒരുമിച്ചു നേടുന്നത്.
- ഗോൾഡൻ ബോൾ - അലാദിൻ അജാരെ (നോർത്ത് ഈസ്റ്റ് യുണൈറ്റഡ് എഫ്സി)
- ഗോൾഡൻ ബൂട്ട് - അലാദിൻ അജാരെ (നോർത്ത് ഈസ്റ്റ് യുണൈറ്റഡ് എഫ്സി)
- ഗോൾഡൻ ഗ്ലൗവ് - വിശാൽ കെയ്ത്ത് (മോഹൻ ബഗാൻ സൂപ്പർ ജയന്റ്)
- എമേർജിംഗ് പ്ലെയർ - ബ്രൈസൺ ഫെർണാണ്ടസ് (എഫ്സി ഗോവ)

# മയാമി ഓപ്പൺ 2025

- പുരുഷ സിംഗിൾസ് കിരീട ജേതാവ് - യാക്കുബ് മെൻസിക്ക്
  - ➔ ഫൈനലിൽ സെർബിയയുടെ നൊവാക് ജോക്കോവിച്ചിനെ പരാജയപ്പെടുത്തിയാണ് ചെക്ക് റിപ്പബ്ലിക്കിന്റെ യാക്കുബ് മെൻസിക്ക് കിരീടം സ്വന്തമാക്കിയത്.
- വനിതാ സിംഗിൾസ് കിരീട ജേതാവ് - ആര്യാന സബലേങ്ക

➔ ഫൈനലിൽ അമേരിക്കയുടെ ജെസീക്ക പെഗുലയെ പരാജയപ്പെടുത്തിയാണ്  ബെലാറസിന്റെ ആര്യാന സബലേങ്ക കിരീടം സ്വന്തമാക്കിയത്.

## ആര്യഭട്ട

- ഇന്ത്യയുടെ ആദ്യ കൃത്രിമോപഗ്രഹമാണ് **ആര്യഭട്ട**.
- വിജയകരമായി വിക്ഷേപിച്ചതിന്റെ 50-ാം വർഷം 2025 ൽ ആഘോഷിച്ചു.
- ഇന്ത്യൻ ബഹിരാകാശ ഗവേഷണ സംഘടന (ISRO) ആണ് ആര്യഭട്ട നിർമ്മിച്ചത്.
- ആറാം നൂറ്റാണ്ടിലെ ജ്യോതിശാസ്ത്രജ്ഞനും ഗണിതശാസ്ത്രജ്ഞനുമായ ആര്യഭട്ടയുടെ പേരാണ് ഉപഗ്രഹത്തിന് നൽകിയത്.
- 1975 ഏപ്രിൽ 19നു റഷ്യയിലെ കപൂസ്റ്റിൻ യാറിൽ നിന്നു കോസ്മോസ് –3എം റോക്കറ്റിലായിരുന്നു ആര്യഭട്ടയുടെ വിക്ഷേപണം.
- ജ്യോതിശ്ശാസ്ത്രസംബന്ധമായ പരീക്ഷണം, ഗാമാ,എക്സ്റേ കിരണങ്ങൾ തുടങ്ങിയവയെക്കുറിച്ച് ഗവേഷണം.
- 1992-ൽ ഭൂമിയുടെ അന്തരീക്ഷത്തിൽ തിരിച്ചെത്തുകയും തുടർന്ന് കത്തിയമരുകയുംചെയ്തു.
- പ്രോജക്ട് ഡയറക്ടർ - ഉഡുപ്പി രാമചന്ദ്ര റാവു
- വിക്ഷേപണ സമയത്തെ ഐഎസ്ആർഓ ചെയർമാൻ - സതീഷ് ധവാൻ
- വിക്ഷേപണ സമയത്തെ ഇന്ത്യൻ പ്രധാനമന്ത്രി - ഇന്ദിരാഗാന്ധി

# ലോകം

- 2025 ഏപ്രിലിൽ ഹേഗ് ആസ്ഥാനമായുള്ള അന്താരാഷ്ട്ര ക്രിമിനൽ കോടതിയിലെ അംഗത്വം പിൻവലിക്കുന്നതായി പ്രഖ്യാപിച്ച രാജ്യം - ഹംഗറി

- ദക്ഷിണകൊറിയൻ പാർലിമെന്റ് ഇംപീച്ച്മെന്റിലൂടെ പുറത്താക്കിയ രാഷ്ട്രപതി - യൂൻ സുക്ക് യോൾ

- മൊബൈൽ ആപ്ലിക്കേഷൻ വിപണിയിലെ ആധിപത്യം ദുരുപയോഗം ചെയ്തതിന് ഫ്രാൻസ് 15 കോടി യൂറോ പിഴ ഇട്ട കമ്പനി - ആപ്പിൾ
    - 2021 ഏപ്രിലിനും 2023 ജൂലായ്ക്കുമിടയിലുള്ള കാലയളവിൽ ഐഒഎസ്, ഐപാഡ് ഉപകരണങ്ങളിലുപയോഗിക്കുന്ന മൊബൈൽ ആപ്ലിക്കേഷനുകളുടെ വിതരണത്തിൽ കൃത്രിമത്വം കാട്ടിയെന്നാണ് ആരോപണം.

- ഇന്ത്യക്ക് യുഎസ് ഏർപ്പെടുത്തിയ പകരച്ചുങ്കം - 26 ശതമാനം
    - യുഎസ് ഉത്പന്നങ്ങൾക്ക് ഉയർന്ന തീരുവ ചുമത്തുന്ന അറുപതോളം രാജ്യങ്ങൾക്കാണ് പകരച്ചുങ്കം പ്രഖ്യാപിച്ചത്.

- ത്രീ ഗോർജസ് അന്റാർട്ടിക് ഐ എന്ന ദൂരദർശിനി അന്റാർട്ടിക്കയിൽ സ്ഥാപിച്ച രാജ്യം - ചൈന
    - അന്റാർട്ടിക്കയിലെ സോങ്ഷാൻ സ്റ്റേഷനിലാണ് ദൂരദർശിനി സ്ഥാപിച്ചത്.
    - ചൈന ത്രീ ഗോർജസ് സർവകലാശാലയും ഷാങ്ഹായ് നോർമൽ സർവകലാശാലയും സഹകരിച്ചാണ് ദൂരദർശിനി വികസിപ്പിച്ചെടുത്തത്.

- ഇന്ത്യൻ ഭരണഘടനാശിൽപി ഡോ. ബി.ആർ.അംബേദ്കറുടെ ജന്മദിനമായ ഏപ്രിൽ 14 അംബേദ്കർ ദിനമായി ആഘോഷിച്ച അമേരിക്കൻ നഗരം - ന്യൂയോർക്ക് സിറ്റി

- 2025 ൽ യുനെസ്കോയുടെ മെമ്മറി ഓഫ് ദി വേൾഡ് രജിസ്റ്ററിൽ ഉൾപ്പെടുത്തിയ ഇന്ത്യൻ ഗ്രന്ഥങ്ങൾ - ഭഗവദ്ഗീത, നാട്യശാസ്ത്രം

- ലോകത്തിലെ ആദ്യത്തെ 3D പ്രിന്റഡ് റെയിൽവേ സ്റ്റേഷൻ നിർമ്മിച്ച രാജ്യം - ജപ്പാൻ
    - ➔ ജപ്പാനിലെ ഹറ്റ്സുഷിമ റെയിൽവേ സ്റ്റേഷനാണ് 3D പ്രിന്റിങ് സാങ്കേതിക വിദ്യ ഉപയോഗിച്ച് നിർമ്മിച്ചത്.

- 2025-ലെ 'വേൾഡ് പ്രസ് ഫോട്ടോ ഓഫ് ദ ഇയർ' ആയി തിരഞ്ഞെടുക്കപ്പെട്ട ചിത്രം പകർത്തിയ ഫോട്ടോഗ്രാഫർ - സമർ അബു എലൂഫ്
    - ➔ ന്യൂയോർക്ക് ടൈംസിനുവേണ്ടി, ഖത്തർ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന പലസ്തീൻ ഫോട്ടോഗ്രാഫർ ആണ് സമർ അബു എലൂഫ്.
    - ➔ 2024 മാർച്ചിൽ ഗാസയിലുണ്ടായ ഇസ്രയേൽ ആക്രമണത്തിൽ കൈകൾ നഷ്ടമായ അജ്ജാർ എന്ന പലസ്തീൻബാലന്റെ ചിത്രമാണ് പുരസ്കാരത്തിന് അർഹമായത്.

- 2025 ലെ ലോക പുസ്തക തലസ്ഥാനമായി തിരഞ്ഞെടുക്കപ്പെട്ട നഗരം - റിയോ ഡി ജനീറോ, ബ്രസീൽ

- അടുത്തിടെ നോൺ ന്യൂക്ലിയർ ഹൈഡ്രജൻ ബോംബ് പരീക്ഷിച്ച രാജ്യം - ചൈന
    - ➔ ചൈന സ്റ്റേറ്റ് ഷിപ്പ്ബിൽഡിങ് കോർപ്പറേഷന് കീഴിലെ ശാസ്ത്രജ്ഞരാണ് രണ്ട് കിലോ ഭാരമുള്ള ബോംബ് നിർമ്മിച്ചത്.
    - ➔ സാധാരണ ആണവ ബോംബുകളിൽ നിന്ന് വ്യത്യസ്തമായി മഗ്നീഷ്യം ഹൈഡ്രൈഡ് ആണ് പുതിയ ബോംബിൽ ഉപയോഗിക്കുന്നത്.

- ലോകത്തിലെ ആദ്യത്തെ വാണിജ്യ 10-ജിഗാബിറ്റ് (10G) ബ്രോഡ്ബാൻഡ് നെറ്റ്വർക്ക് ആരംഭിച്ച രാജ്യം - ചൈന

- ➔ ചൈനീസ് ടെലികോം കമ്പനിയായ ഹുവാവേയും ചൈന യൂണികോമും ചേർന്ന് 50 ജി-പിഒഎൻ സങ്കേതികവിദ്യ ഉപയോഗിച്ചാണ് 10**ജി ഒരു**ക്കിയിട്ടുള്ളത്.

- 2025 ഏപ്രിലിൽ നിരവധി ആളുകളുടെ മരണത്തിന് കാരണമായ സ്ഫോടനം നടന്ന ഇറാനിലെ തുറമുഖം - ഷാഹിദ് രാജീ തുറമുഖം

- 2025 ഏപ്രിലിൽ അന്തരിച്ച ഫ്രാൻസിസ് മാർപാപ്പയുടെ ഭൗതികശരീരം അടക്കം ചെയ്ത ബസിലിക്ക - സെന്റ് മേരി മേജർ ബസിലിക്ക, റോം

# ഇന്ത്യ

- മുംബൈ പുണ്ടോൾ ആർട്ട് ഗാലറിയിലെ ലേലത്തിൽ 16 കോടിക്ക് വിറ്റ രാജാ രവി വർമ്മ വരച്ച ചിത്രം - റിദ്ധി സിദ്ധി ഗണപതി
  - ➔ ഗണപതിയുടെ മടിയിൽ ഭാര്യമാർ ഇരിക്കുന്നതായി ചിത്രീകരിച്ചതാണ് 'റിദ്ധി സിദ്ധി ഗണപതി' എന്ന പെയിന്റിങ്.
  - ➔ രാജാ രവിവർമ്മ വരച്ച ഹൈദരാബാദ് നൈസാം മഹബൂബ് അലിഖാൻ അസഫ് ജാ ആറാമന്റെ ചിത്രം ലേലത്തിൽ 2.6 കോടിക്ക് വിറ്റു.

- 2025 ഏപ്രിലിൽ അഞ്ച് ദിവസത്തെ സന്ദർശനത്തിനായി ഇന്ത്യയിലെത്തിയ ചിലി പ്രസിഡന്റ് - ഗബ്രിയൽ ബോറിക് ഫോണ്ട്

- കൃത്യമായ വിള ഡാറ്റ ശേഖരണം ഉറപ്പാക്കാൻ കൃഷി, കർഷക ക്ഷേമ മന്ത്രാലയം ആരംഭിച്ച സംവിധാനം - ഡിജിറ്റൽ ക്രോപ്പ് സർവേ (ഡിസിഎസ്)

- രാജ്യത്ത് അനധികൃത കുടിയേറ്റം തടയുക ലക്ഷ്യമിട്ട് കുടിയേറ്റ നിയമങ്ങൾ പരിഷ്കരിക്കുന്നതിനും ഏകീകരിക്കുന്നതിനുമുള്ള ഇമിഗ്രേഷൻ ആൻഡ് ഫോറിനേഴ്സ് ബിൽ 2025 രാജ്യസഭയിൽ അവതരിപ്പിച്ചത് - നിത്യാനന്ദ റായ് (കേന്ദ്ര ആഭ്യന്തര സഹമന്ത്രി)
    - 2025 മാർച്ച് 27 ന് ഇമിഗ്രേഷൻ ആൻഡ് ഫോറിനേഴ്സ് ബിൽ 2025 ലോക്സഭപാസാക്കി.
    - 2025 ഏപ്രിൽ 2 ന്  രാജ്യസഭ ശബ്ദവോട്ടോടെ ബിൽ പാസാക്കി.
    - ഫോറിനേഴ്സ് ആക്ട് (1946), പാസ്പോർട്ട് (എൻട്രി ഇന്റു ഇന്ത്യ) ആക്ട് (1920), രജിസ്ട്രേഷൻ ഒഫ് ഫോറിനേഴ്സ് ആക്ട് (1939), ഇമിഗ്രേഷൻ (കേരിയേഴ്സ്' ലയബിലിറ്റി) ആക്ട് (2000) എന്നീ നിയമങ്ങൾ സംയോജിപ്പിച്ചാണ് പുതിയ ബില്ലിന് രൂപം നൽകിയിരിക്കുന്നത്.

- 2025-ലെ വഖഫ് ഭേദഗതി ബില്ലിൽ രാഷ്ട്രപതി ദ്രൗപതി മുർമു ഒപ്പു വെച്ച തീയതി - 2025 ഏപ്രിൽ 05
    - ലോകസഭ പാസാക്കിയത് -  2025 ഏപ്രിൽ 03
    - രാജ്യസഭ പാസാക്കിയത് -  2025 ഏപ്രിൽ 04
    - ഇന്ത്യയിലെ മുസ്ലീങ്ങളുടെ മതപരമായ സ്വത്തുക്കൾ നിയന്ത്രിക്കുന്ന ഒരു പ്രധാന നിയമമാണ് 1995 ലെ വഖഫ് നിയമം. 1995 ലെ വഖഫ് നിയമത്തിൽ ഭേദഗതി വരുത്താൻ ഉദ്ദേശിച്ചുള്ളതാണ് വഖഫ് ഭേദഗതി ബിൽ 2025.
    - 2024 ഓഗസ്റ്റിൽ അവതരിപ്പിച്ച ബിൽ, വിവിധ രാഷ്ട്രീയ പാർട്ടികളുടെ എതിർപ്പിനെത്തുടർന്ന് കേന്ദ്ര സർക്കാർ വഖഫ് ഭേദഗതി ബിൽ സംയുക്ത പാർലമെന്ററി കമ്മിറ്റിക്ക് (ജെപിസി) അയച്ചു. സമിതി നിർദേശിച്ച മാറ്റങ്ങളോടെയാണ് പരിഷ്കരിച്ച ബിൽ 2025 ൽ അവതരിപ്പിച്ചത്.

- രാജ്യത്തെ ആദ്യ വെർട്ടിക്കൽ ലിഫ്റ്റ് കടൽപാലമായ രാമേശ്വരത്തെ പുതിയ പാമ്പൻ റെയിൽപാലം 2025 ഏപ്രിലിൽ ഉദ്ഘാടനം ചെയ്തത് - നരേന്ദ്ര മോദി (ഇന്ത്യൻ പ്രധാനമന്ത്രി)
  - ➔ കാലപ്പഴക്കത്തെത്തുടർന്ന് 2002 ഡിസംബറിൽ പഴയ പാമ്പൻ പാലം ഡീകമ്മിഷൻ ചെയ്തതിനെത്തുടർന്നാണ് പുതിയ പാമ്പൻ പാലം നിർമ്മിച്ചത്.
  - ➔ ഇന്ത്യയിലെ ആദ്യത്തെ വെർട്ടിക്കൽ ലിഫ്റ്റ് റെയിൽവേ കടൽപ്പാലമാണ് പാമ്പൻ.
  - ➔ രാമനാഥപുരം ജില്ലയിലെ പാമ്പൻ ദ്വീപിനെയും തീർഥാടനകേന്ദ്രമായ രാമേശ്വരത്തെയും ബന്ധിപ്പിക്കുന്ന റെയിൽവേ കടൽപ്പാലമാണ് പാമ്പൻ.

- അടുത്തിടെ കേന്ദ്രസർക്കാർ വരുത്തിയ മാറ്റങ്ങൾ പ്രകാരം സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളുടെ (MSME) പുതിയ നിർവ്വചനം

**സൂക്ഷ്മ സംരംഭം** - നിക്ഷേപം 2.5 കോടി വരെ, വാർഷിക വിറ്റുവരവ് 10 കോടി അധികരിക്കരുത്. നേരത്തെ ഇത് യഥാക്രമം 1 കോടിയും 5 കോടിയും ആയിരുന്നു.

**ചെറുകിട സംരംഭം** - നിക്ഷേപം 25 കോടി വരെ, വാർഷിക വിറ്റുവരവ് 100 കോടി അധികരിക്കരുത്. നേരത്തെ ഇത് യഥാക്രമം 10 കോടിയും 50 കോടിയും ആയിരുന്നു.

**ഇടത്തരം സംരംഭം** - നിക്ഷേപം 125 കോടി വരെ, വാർഷിക വിറ്റുവരവ് 500 കോടി അധികരിക്കരുത്. നേരത്തെ ഇത് യഥാക്രമം 50 കോടിയും 250 കോടിയും ആയിരുന്നു.

- ക്ഷയരോഗ നിർമാർജനം ഊർജിതമാക്കുന്നതിന്റെ ഭാഗമായി ക്ഷയ രോഗികളെ ദത്തെടുത്ത സംസ്ഥാനം - മേഘാലയ

- രാജ്യത്ത് പട്ടിക ജാതികൾക്ക് ഉപസംവരണം നടപ്പിലാക്കുന്ന ആദ്യ സംസ്ഥാനം - തെലങ്കാന

- ന്യൂസ് വീക്കും സ്റ്റാറ്റിസ്റ്റയും ചേർന്ന് തയ്യാറാക്കിയ 2024-ലെ ലോകത്തിലെ ഏറ്റവും മികച്ച ആശുപത്രികളുടെ റാങ്കിംഗിൽ 97-ാം സ്ഥാനം നേടിയ ഇന്ത്യയിലെ ആശുപത്രി - ഓൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് (എയിംസ്), ന്യൂഡൽഹി

- ഭാരതീയ സുഗന്ധവിള ഗവേഷണ കേന്ദ്രം (ഐസിഎആർ - ഐഐഎസ്ആർ) അടുത്തിടെ പുറത്തിറക്കിയ പുതിയ മഞ്ഞൾ ഇനം - ഐഐഎസ്ആർ സൂര്യ

- ഇന്ത്യയിൽ ആദ്യമായി എടിഎം നിലവിൽ വന്ന ട്രെയിൻ - മുംബൈ-മൻമദ് പഞ്ചവതി എക്സ്പ്രസ്
  - ഇന്ത്യൻ റെയിൽവേയ്സ് ഇന്നൊവേറ്റീവ് ആൻഡ് നോൺ ഫെയർ റവന്യു ഐഡിയാസ് സ്കീം (ഐഎൻഎഫ്ആർഐഎസ്) പദ്ധതിയുടെ ഭാഗമായി ഇന്ത്യൻ റെയിൽവേയുടെ ബുസാവൽ ഡിവിഷനും ബാങ്ക് ഓഫ് മഹാരാഷ്ട്രയും സംയുക്തമായിട്ടാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

- അമരാവതി വിമാനത്താവളം നിലവിൽ വന്ന സംസ്ഥാനം - മഹാരാഷ്ട്ര
  - മഹാരാഷ്ട്രയിലെ വിദർഭ ജില്ലയിലെ അമരാവതിയിൽ പുതിയ വിമാനത്താവളത്തിന്റെ ഉദ്ഘാടനം മഹാരാഷ്ട്ര മുഖ്യമന്ത്രി ദേവേന്ദ്ര ഫഡ്നവിസ് നിർവഹിച്ചു.

- ലിഥിയം ബ്ലോക്കിനുള്ള കോമ്പോസിറ്റ് ലൈസൻസ് നേടിയ ആദ്യ സംസ്ഥാനം - ചണ്ഡീഗഢ്

- ഒരു ലിഥിയം ബ്ലോക്കിനുള്ള കോമ്പോസിറ്റ് ലൈസൻസ് എന്നത് ഒരു പ്രത്യേക പ്രദേശത്ത് ലിഥിയം പര്യവേക്ഷണം ചെയ്യാനും ഖനനം ചെയ്യാനും അനുവദിക്കുന്ന ഒരു പെർമിറ്റാണ്.

- 2025 ഏപ്രിലിൽ 4 ദിവസത്തെ സന്ദർശനത്തിനായി ഇന്ത്യയിലെത്തിയ യുഎസ് വൈസ് പ്രസിഡന്റ് - ജെ.ഡി.വാൻസ്

- അടുത്തിടെ ദേശീയോദ്യാനമായി പ്രഖ്യാപിച്ച സിംലിപാൽ സ്ഥിതി ചെയ്യുന്ന സംസ്ഥാനം - ഒഡിഷ
  - ഇന്ത്യയിലെ 107-ാമത്തെ ദേശീയോദ്യാനമാണ് സിംലിപാൽ.
  - ഒഡിഷയിലെ രണ്ടാമത്തെ ദേശീയോദ്യാനമാണ് സിംലിപാൽ. ഭിതാർകനിക ആണ് ആദ്യത്തെ ദേശീയോദ്യാനം.

# കേരളം

- മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ പുതുക്കിയ വേതനപ്രകാരം കേരളത്തിലെ വേതനം - 369 രൂപ
  - 23 രൂപയാണ് കേരളത്തിൽ വർധിപ്പിച്ചത്.
  - ഏറ്റവും ഉയർന്ന വേതനം നൽകുന്ന സംസ്ഥാനമാണ് ഹരിയാന (400 രൂപ).

- സംസ്ഥാനത്ത് സ്വകാര്യ സർവകലാശാലകൾക്ക് അനുമതി നൽകുന്ന ബിൽ നിയമസഭയിൽ അവതരിപ്പിച്ചത് - ആർ. ബിന്ദു (ഉന്നത വിദ്യാഭ്യാസ മന്ത്രി)

- അടുത്തിടെ ഭൗമസൂചികാപദവി ലഭിച്ച കേരളത്തിൽ കൃഷിചെയ്യുന്ന ഗ്രാമ്പൂ - തലനാടൻ ഗ്രാമ്പൂ
  - കോട്ടയം ജില്ലയിലെ തലനാട്ടിലും പരിസരങ്ങളിലും കൃഷിചെയ്യുന്ന ഗ്രാമ്പൂ ആണ് തലനാടൻ ഗ്രാമ്പൂ.

- വിദൂര മേഖലകളിലുൾപ്പെടെ വേഗത്തിൽ വൈദ്യുതി വിച്ഛേദിക്കാനും പുനഃസ്ഥാപിക്കാനുമായി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് (കെഎസ്ഇബി) അവതരിപ്പിച്ച അതിനൂതന സംവിധാനം - റിമോട്ട് ഓപ്പറേറ്റിങ് സിസ്റ്റം

- പോലീസ് സ്റ്റേഷനുകളിലെത്തുന്നവർക്ക് മാനസിക പിന്തുണ നൽകുന്നതിനായി കുടുംബശ്രീ ആരംഭിക്കുന്ന സെന്ററുകൾ - സ്നേഹിത എക്സ്റ്റൻഷൻ സെൻറർ
    - ➔ സംസ്ഥാനത്തെ ഡി.വൈ.എസ്.പി/എ.സി.പി ഓഫീസുകളുടെ പരിധിയിൽ വരുന്ന പോലീസ് സ്റ്റേഷനുകളിൽ വിവിധ ആവശ്യങ്ങൾക്കായി എത്തുന്നവരിൽ അടിയന്തിര മാനസിക പിന്തുണയും ക്ഷേമവും ആവശ്യമുള്ളവർക്ക് കുടുംബശ്രീ കമ്മ്യൂണിറ്റി കൗൺസിലർമാരെ ചുമതലപ്പെടുത്തി സ്നേഹിത എക്സ്റ്റൻഷൻ സെന്ററുകളിലൂടെ മാനസിക പിന്തുണ സേവനം ഉറപ്പാക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം.

- സംസ്ഥാനത്ത് ഭിന്നശേഷി സൗഹൃദാന്തരീക്ഷം കൂടുതൽ ശക്തിപ്പെടുത്തുന്നതിന്റെയും ഭിന്നശേഷിക്കാരായ വ്യക്തികൾക്കും ബന്ധപ്പെട്ടവർക്കും ഉപജീവനമാർഗം ഒരുക്കുന്നതിന്റെയും ഭാഗമായി, ഭിന്നശേഷി ക്ഷേമ കോർപ്പറേഷൻ ആരംഭിക്കുന്ന ഖാദി ഔട്ട്ലെറ്റുകൾ - ഏബിൾ പോയിന്റ് (Able Point)
    - ➔ എബിലിറ്റി ബിയോണ്ട് ലിമിറ്റ്സ് (Ability Beyond Limits) പദ്ധതിയുടെ ഭാഗമായാണ് എല്ലാ ജില്ലകളിലും യൂണിറ്റുകൾ സ്ഥാപിക്കുന്നത്.
    - ➔ ഭിന്നശേഷി ക്ഷേമ കോർപ്പറേഷനും ഭാരതീയ ഖാദി ഗ്രാമ വ്യവസായ സഹകരണ സംഘവും ചേർന്നാണ് ഈ പദ്ധതി നടപ്പാക്കുന്നത്.

- ഭിന്നശേഷിക്കാരായ വ്യക്തികളുടെ സാമൂഹിക ഇടപെടലിനും സാമ്പത്തിക ശാക്തീകരണത്തിനും പിന്തുണ നൽകുകയെന്നതാണ് പദ്ധതിയുടെ ലക്ഷ്യം.

- ഭൗമസൂചിക പദവി ലഭിച്ച ആദ്യ ആദിവാസി ഉത്പന്നം - കണ്ണാടിപായ
  - എറണാകുളം, തൃശൂർ, ഇടുക്കി, പാലക്കാട് ജില്ലകളിലെ ഊരാൻ, മണ്ണാൻ, മലയൻ, കാടർ, ഇരുളർ വിഭാഗത്തിലുള്ളവരാണ് കണ്ണാടിപായ നിർമിക്കുന്നത്.

- ഗവേഷകർ പശ്ചിമഘട്ടത്തിനിന്ന് കണ്ടെത്തിയ പുതിയ ഇനം സൂചിത്തുമ്പി - വയനാടൻ അരുവിയൻ (വയനാടൻ ടോറന്റ് ഡാർട്ട്)
  - ശാസ്ത്രീയ നാമം - യൂഫേയ വയനാഡെൻസിസ്

- സംസ്ഥാന ഇലക്ഷൻ വകുപ്പിന്റെ ഏകീകൃത ടോൾ ഫ്രീ നമ്പർ - 1950
  - 1950 ടോൾ ഫ്രീ നമ്പർ ഉപയോഗിച്ച് ഇലക്ഷൻ വകുപ്പുമായി ബന്ധപ്പെട്ട വിവരങ്ങൾ, ലോകസഭ/ രാജ്യസഭ/ നിയമസഭ തെരഞ്ഞെടുപ്പുകളുമായി ബന്ധപ്പെട്ട വിവരങ്ങൾ എന്നിവ പൊതുജനങ്ങൾക്ക് ലഭ്യമാകും.

- സംസ്ഥാനത്തെ ആദ്യ സ്കൈ ഡൈനിങ് ആരംഭിച്ച ജില്ല - കാസർകോഡ്
  - ബേക്കൽ ബീച്ചിലാണ് 12 പേർക്ക് ഇരിക്കാവുന്ന സ്കൈ ഡൈനിങ് സൗകര്യം ഒരുക്കിയിരിക്കുന്നത്.

- കൊച്ചി മെട്രോയുടെ രണ്ടാംഘട്ട പാത അറിയപ്പെടുന്നത് - പിങ്ക് ലൈൻ

- കലൂർ ജവഹർലാൽ നെഹ്റു സ്റ്റേഡിയം സ്റ്റേഷനിൽ നിന്ന് കാക്കനാട് വഴി ഇൻഫോപാർക്ക് വരെ നീളുന്നതാണ് പിങ്ക് ലൈൻ എന്നറിയപ്പെടുന്ന കൊച്ചി മെട്രോ രണ്ടാംഘട്ട പദ്ധതി.

- കരൾ സംരക്ഷണത്തിനായി ജില്ലാതല ആശുപത്രികളിൽ ഫാറ്റി ലിവർ ക്ലിനിക്കുകൾ ആരംഭിച്ച രാജ്യത്തെ ആദ്യ സംസ്ഥാനം - കേരളം
  - കരൾ രോഗങ്ങളെ സംബന്ധിച്ച് പൊതുജനങ്ങൾക്കിടയിൽ അവബോധം സൃഷ്ടിക്കുക, ചികിത്സ ഉറപ്പാക്കുക എന്നീ ലക്ഷ്യത്തോടെയാണ് സംസ്ഥാനത്തുടനീളം ജില്ലാതല ആശുപത്രികളിൽ ആരോഗ്യ വകുപ്പ് ഫാറ്റി ലിവർ ക്ലിനിക്കുകൾ സജ്ജമാക്കിയിട്ടുള്ളത്.

- മാലിന്യമുക്ത നവകേരളം സൃഷ്ടിക്കുന്നതിനായി സംസ്ഥാനം രൂപപ്പെടുത്തിയ മാതൃകപരമായ പ്രവർത്തനങ്ങളെ ലോകത്തിന് മുൻപിൽ അവതരിപ്പിക്കുന്നതിനായി തദ്ദേശ സ്വയംഭരണ വകുപ്പ് സംഘടിപ്പിച്ച കോൺക്ലേവ് - വൃത്തി 2025
  - വേദി - തിരുവനന്തപുരം

# കായികം

- അന്താരാഷ്ട്ര ഹോക്കിയിൽ നിന്ന് വിരമിച്ച ഇന്ത്യൻ വനിതാ ഹോക്കി താരം - വന്ദന കടാരിയ
  - 15 വർഷം നീണ്ടുനിന്ന രാജ്യാന്തര കരിയറിൽ 320 മത്സരങ്ങളിൽ നിന്ന് 158 ഗോളുകൾ നേടിയിട്ടുണ്ട്.
  - ഒളിമ്പിക്സ് ഹോക്കിയിൽ ഇന്ത്യക്ക് വേണ്ടി ഹാട്രിക് നേടുന്ന ആദ്യ വനിതാ താരമാണ് വന്ദന.
  - ഇന്ത്യൻ വനിതാ ഹോക്കി ടീമിന് വേണ്ടി ഏറ്റവും കൂടുതൽ മത്സരങ്ങൾ കളിച്ച താരവും വന്ദനയാണ്.
  - 2021ൽ അർജുന പുരസ്കാരം കരസ്ഥമാക്കി.

➔ 2022 ൽ രാജ്യം പദ്മശ്രീ നൽകി ആദരിച്ചു.

- 2025-ലെ ഫോർമുല വൺ ജാപ്പനീസ് ഗ്രാൻപ്രീ കിരീട ജേതാവ് - മാക്സ് വെസ്റ്റപ്പൻ

- അർജന്റീനയിലെ ബ്യൂണസ് അയേഴ്സിൽ നടന്ന ഐഎസ്എസ്എഫ് ഷൂട്ടിംഗ് ലോകകപ്പിൽ വനിതകളുടെ 50 മീറ്റർ റൈഫിൾ 3 പൊസിഷൻസിൽ സ്വർണ മെഡൽ കരസ്ഥമാക്കിയ ഇന്ത്യൻ താരം - സിഫ്റ്റ് കൗർ സമ്ര

- അർജന്റീനയിലെ ബ്യൂണസ് അയേഴ്സിൽ നടന്ന ഐഎസ്എസ്എഫ് ഷൂട്ടിംഗ് ലോകകപ്പിൽ പുരുഷന്മാരുടെ 10 മീറ്റർ എയർ റൈഫിളിൽ സ്വർണ്ണ മെഡൽ കരസ്ഥമാക്കിയ ഇന്ത്യൻ താരം - രുദ്രാൻക്ഷ് ബാലാസാഹെബ് പാട്ടീൽ

- ലോക ബോക്സിങ് കപ്പിൽ സ്വർണ്ണ മെഡൽ നേടുന്ന ആദ്യ ഇന്ത്യൻ ബോക്സർ - ഹിതേഷ് ഗുലിയ
  ➔ 2025-ൽ ബ്രസീലിൽ നടന്ന ലോക ബോക്സിങ് കപ്പിലെ 70 കിലോഗ്രാം വിഭാഗത്തിലാണ് ഹിതേഷ് ഗുലിയ സ്വർണ്ണ മെഡൽ സ്വന്തമാക്കിയത്.

- അർജന്റീനയിലെ ബ്യൂണസ് അയേഴ്സിൽ നടന്ന ഐഎസ്എസ്എഫ് ഷൂട്ടിംഗ് ലോകകപ്പിൽ പുരുഷന്മാരുടെ 25 മീറ്റർ റാപ്പിഡ് ഫയർ പിസ്റ്റൾ ഇനത്തിൽ സ്വർണ്ണ മെഡൽ കരസ്ഥമാക്കിയ ഇന്ത്യൻ താരം - വിജയ്‌വീർ സിദ്ധു

- അർജന്റീനയിലെ ബ്യൂണസ് അയേഴ്സിൽ നടന്ന ഐഎസ്എസ്എഫ് ഷൂട്ടിംഗ് ലോകകപ്പിൽ വനിതകളുടെ 10

മീറ്റർ എയർ പിസ്റ്റൾ ഇനത്തിൽ സ്വർണ്ണ മെഡൽ കരസ്ഥമാക്കിയ ഇന്ത്യൻ താരം - സുരുചി സിംഗ്

- ഇന്ത്യൻ പ്രീമിയർ ലീഗിന്റെ (ഐപിഎൽ) ചരിത്രത്തിൽ 1000 ബൗണ്ടറികൾ നേടുന്ന ആദ്യ ബാറ്റ്സ്മാൻ എന്ന നേട്ടം സ്വന്തമാക്കിയത് - വിരാട് കോഹ്‌ലി

- എ.ടി.പി മാസ്റ്റേഴ്സ് 1000 ലെവൽ മത്സരം ജയിക്കുന്ന ഏറ്റവും പ്രായം കൂടിയ കളിക്കാരനെന്ന റെക്കോഡ് സ്വന്തമാക്കിയ ഇന്ത്യൻ ടെന്നീസ് താരം - രോഹൻ ബൊപ്പണ്ണ

- ഇന്ത്യൻ പ്രീമിയർ ലീഗിലെ ഏറ്റവും പ്രായം കൂടിയ ക്യാപ്റ്റൻ എന്ന റെക്കോർഡ് സ്വന്തമാക്കിയത് - എം.എസ്. ധോണി
  - ➔ ചെന്നൈ സൂപ്പർ കിംഗ്സിന്റെ ക്യാപ്റ്റൻ ആണ് എം.എസ്. ധോണി.

- 2025 ലെ പാരിസ് ഫ്രീസ്റ്റൈൽ ചെസ് ഗ്രാൻഡ് സ്ലാം കിരീട ജേതാവ് - മാഗ്നസ് കാൾസൺ (നോർവീജിയൻ ചെസ് ഗ്രാൻഡ്മാസ്റ്റർ)
  - ➔ രണ്ടാം സ്ഥാനം - ഹികാരു നകാമുറ (അമേരിക്കൻ ചെസ് ഗ്രാൻഡ്മാസ്റ്റർ)
  - ➔ മൂന്നാം സ്ഥാനം - ഫാബിയാനോ കരുവാന (അമേരിക്കൻ-ഇറ്റാലിയൻ ചെസ് ഗ്രാൻഡ്മാസ്റ്റർ)

- 2028 ലെ ലോസ് ഏഞ്ചൽസ് ഒളിമ്പിക് ഗെയിംസിൽ ഉൾപ്പെടുത്തുന്ന അഞ്ച് പുതിയ കായിക ഇനങ്ങൾ - ക്രിക്കറ്റ്, ബേസ്ബോൾ/സോഫ്റ്റ്ബോൾ, ഫ്ലാഗ് ഫുട്ബോൾ, ലാക്രോസ് (സിക്സറുകൾ), സ്ക്വാഷ്

- ➔ 1900-ൽ പാരീസിൽ നടന്ന ഗെയിംസിലാണ് ക്രിക്കറ്റ് അവസാനമായി ഒളിമ്പിക്സിൽ ഉൾപ്പെടുത്തിയത്.
- ➔ 2028 ലെ ലോസ് ഏഞ്ചൽസ് ഒളിമ്പിക് ഗെയിംസിൽ, ക്രിക്കറ്റ് ടി20 ഫോർമാറ്റിലാണ് നടത്തുക.
- ➔ പുരുഷ, വനിതാ വിഭാഗങ്ങളിലായി ആറ് ടീമുകൾ മത്സരിക്കും.

- ഇന്ത്യൻ പ്രീമിയർ ലീഗിന്റെ ചരിത്രത്തിൽ മാൻ ഓഫ് ദ് മാച്ച് പുരസ്കാരം നേടുന്ന പ്രായം കൂടിയ താരം - എം.എസ്. ധോണി

- 2025-ലെ ഫോർമുല വൺ ബഹ്റൈൻ ഗ്രാൻപ്രീ കിരീട ജേതാവ് - ഓസ്കർ പിയാസ്ട്രി

- 2025-ലെ വനിതാ ലോക ചെസ് ചാമ്പ്യൻഷിപ്പിൽ കിരീടം സ്വന്തമാക്കിയത് - ജു വെൻജുൻ (ചൈനീസ് ഗ്രാൻഡ് മാസ്റ്റർ)
  - ➔ ജു വെൻജുന്റെ തുടർച്ചയായ അഞ്ചാം വനിതാ ലോക ചെസ് ചാമ്പ്യൻഷിപ്പ് കിരീടനേട്ടമാണിത്.
  - ➔ വനിതാ ചെസിൽ അഞ്ചുതവണ ലോക ചാമ്പ്യനാകുന്ന നാലാമത്തെ താരമാണ് ജു വെൻജുൻ. വെരാ മെൻചിക് (Vera Menchik), നോന ഗാപ്രിൻഡാഷ്വിലി (Nona Gaprindashvili), മായാ ചിബുർഡാനിസെ (Maia Chiburdanidze) എന്നിവരാണ് ഇതിനുമുമ്പ് അഞ്ചുവട്ടം ലോകചാമ്പ്യൻസായിട്ടുള്ളത്.

- പെറുവിലെ ലിമയിൽ നടന്ന 2025 ലെ ഐഎസ്എസ്എഫ് ഷൂട്ടിങ് ലോക കപ്പിൽ 10 മീറ്റർ എയർ പിസ്റ്റൾ മിക്സഡ് ടീം ഇനത്തിൽ സ്വർണ്ണ മെഡൽ കരസ്ഥമാക്കിയ ഇന്ത്യൻ ജോഡി - സുരുചി സിംഗ്, സൗരഭ് ചൗധരി

- അമേരിക്കയിൽ നടന്ന 2025-ലെ ആർച്ചറി വേൾഡ് കപ്പ് സ്റ്റേജ് ഒന്നിൽ പുരുഷന്മാരുടെ വ്യക്തിഗത റികർവ് ഇനത്തിൽ വെങ്കല മെഡൽ സ്വന്തമാക്കിയ ഇന്ത്യൻ താരം - ധീരജ് ബൊമ്മദേവര

- അമേരിക്കയിൽ നടന്ന 2025-ലെ ആർച്ചറി വേൾഡ് കപ്പ് സ്റ്റേജ് ഒന്നിൽ കോമ്പൗണ്ട് മിക്സഡ് ടീമിനത്തിൽ സ്വർണ്ണ മെഡൽ സ്വന്തമാക്കിയ ഇന്ത്യൻ സഖ്യം - ഋഷഭ് യാദവ്, ജ്യോതി സുരേഖ വെണ്ണം

- അമേരിക്കയിൽ നടന്ന 2025-ലെ ആർച്ചറി വേൾഡ് കപ്പ് സ്റ്റേജ് ഒന്നിൽ പുരുഷന്മാരുടെ ടീം റികർവ് ഇനത്തിൽ വെള്ളി മെഡൽ സ്വന്തമാക്കിയ ഇന്ത്യൻ സഖ്യം - ധീരജ് ബൊമ്മദേവര, തരുൺദീപ് റായ്, അതനു ദാസ്

- അമേരിക്കയിൽ നടന്ന 2025-ലെ ആർച്ചറി വേൾഡ് കപ്പ് സ്റ്റേജ് ഒന്നിൽ പുരുഷന്മാരുടെ ടീം കോമ്പൗണ്ട് ഇനത്തിൽ വെങ്കല മെഡൽ സ്വന്തമാക്കിയ ഇന്ത്യൻ സഖ്യം - റിഷഭ് യാദവ്, അഭിഷേക് വർമ്മ, ഓജസ് ദിയോതാലെ

- ഇന്ത്യൻ പ്രീമിയർ ലീഗിന്റെ (ഐപിഎൽ) ചരിത്രത്തിൽ അരങ്ങേറുന്ന ഏറ്റവും പ്രായം കുറഞ്ഞ താരമെന്ന റെക്കോഡ് സ്വന്തമാക്കിയത് - വൈഭവ് സൂര്യവംശി
    - 14 വർഷവും 23 ദിവസവും മാത്രം പ്രായമുള്ളപ്പോഴാണ് താരത്തിന്റെ അരങ്ങേറ്റം.
    - രാജസ്ഥാൻ റോയൽസിന്റെ താരമാണ് വൈഭവ് സൂര്യവംശി.

- 2025 ലെ ഖേലോ ഇന്ത്യ യൂത്ത് ഗെയിംസിന്റെ ഭാഗ്യചിഹ്നം - ഗജസിംഹ

- 2025-ലെ ഖേലോ ഇന്ത്യ യൂത്ത് ഗെയിംസിന്റെ വേദി - ബിഹാർ

- ഏഷ്യൻ അണ്ടർ 18 അത്‌ലറ്റിക്സ് ചാമ്പ്യൻഷിപ്പിൽ ഹൈജംപിൽ വെള്ളി മെഡൽ സ്വന്തമാക്കിയ മലയാളി താരം - ദേവക് ഭൂഷൺ
  - 2025 ലെ ഏഷ്യൻ അണ്ടർ 18 അത്‌ലറ്റിക്സ് ചാമ്പ്യൻഷിപ്പിന്റെ വേദി - ദമാം, സൗദി അറേബ്യ

- 2024-25 ഐ ലീഗ് ഫുട്ബോൾ കിരീട ജേതാക്കൾ - ചർച്ചിൽ ബ്രദേഴ്സ്
  - മൂന്നാംതവണയാണ് ചർച്ചിൽ ഐ ലീഗ് ജേതാക്കളാവുന്നത്.

- പെറുവിലെ ലിമയിൽ നടന്ന ഐഎസ്എസ്എഫ് ഷൂട്ടിങ് ലോക കപ്പിൽ വനിതകളുടെ 25 മീറ്റർ പിസ്റ്റൾ ഇനത്തിൽ വെള്ളി മെഡൽ സ്വന്തമാക്കിയ ഇന്ത്യൻ താരം - സിമ്രാൻപ്രീത് കൗർ ബ്രാർ

- പൂനെയിൽ നടന്ന ഫിഡെ വനിതാ ഗ്രാൻഡ് പ്രീ കിരീടം സ്വന്തമാക്കിയ  ഇന്ത്യൻ ചെസ് ഗ്രാൻഡ്മാസ്റ്റർ - കൊനേരു ഹംപി

- പെറുവിലെ ലിമയിൽ നടന്ന ഐഎസ്എസ്എഫ് ഷൂട്ടിങ് ലോകകപ്പിൽ 10 മീറ്റർ എയർ റൈഫിൾ മിക്സഡ് ടീം ഇനത്തിൽ വെള്ളി മെഡൽ സ്വന്തമാക്കിയ ഇന്ത്യൻ സഖ്യം - രുദ്രാൻക്ഷ് പാട്ടീൽ, ആര്യ ബോർസ്

- പെറുവിലെ ലിമയിൽ നടന്ന ഐഎസ്എസ്എഫ് ഷൂട്ടിങ് ലോകകപ്പിൽ 10 മീറ്റർ എയർ റൈഫിൾ ഇനത്തിൽ വെള്ളി മെഡൽ സ്വന്തമാക്കിയ ഇന്ത്യൻ താരം - അർജുൻ ബാബുട്ട

- ഏഷ്യൻ അണ്ടർ 18 അത്‌ലറ്റിക്സ് ചാമ്പ്യൻഷിപ്പിന്റെ ചരിത്രത്തിൽ സ്വർണ മെഡൽ കരസ്ഥമാക്കിയ ആദ്യ ഇന്ത്യൻ താരം - ഹിമാൻഷു ജഖാർ
    - ➔ സൗദി അറേബ്യയിലെ ദമാമിൽ നടന്ന ഏഷ്യൻ അണ്ടർ 18 അത്‌ലറ്റിക്സ് ചാമ്പ്യൻഷിപ്പിൽ ആൺകുട്ടികളുടെ ജാവലിൻ ത്രോയിൽ ആണ് ഹിമാൻഷു ജഖാർ സ്വർണ മെഡൽ കരസ്ഥമാക്കിയത്.

- 2025-ലെ ഫോർമുല വൺ സൗദി അറേബ്യൻ ഗ്രാൻപ്രീ കിരീട ജേതാവ് - ഓസ്കർ പിയാസ്ട്രി

- ടുണീഷ്യയുടെ തലസ്ഥാനമായ ടുണീസിൽ നടന്ന 2025 ലെ ഡബ്ല്യുടിടി കണ്ടൻഡർ ടുണീസ് ടേബിൾ ടെന്നീസിൽ മിക്സഡ് ഡബിൾസിൽ കിരീടം സ്വന്തമാക്കിയ ഇന്ത്യൻ ജോഡി - മാനുഷ് ഷാ, ദിയ ചിറ്റാലെ
    - ➔ ജാപ്പനീസ് ജോഡിയായ സോറ മാറ്റ്സുഷിമയെയും മിവ ഹരിമോട്ടോയെയും 3-2 എന്ന സ്കോറിന് പരാജയപ്പെടുത്തിയാണ് ഇന്ത്യൻ ജോഡി കിരീടം സ്വന്തമാക്കിയത്.

- 2025 ലെ കോപ്പ ഡെൽ റേ ഫുട്ബോൾ കിരീട ജേതാക്കൾ - ബാഴ്സലോണ
    - ➔ ഫൈനലിൽ റയൽ മാഡ്രിഡിനെ 3-2 ന് പരാജയപ്പെടുത്തിയാണ് ബാഴ്സലോണ കിരീടം സ്വന്തമാക്കിയത്.
    - ➔ സ്പാനിഷ് ഫുട്ബോൾ ക്ലബ്ബുകൾക്കിടയിൽ നടക്കുന്ന വാർഷിക ഫുട്ബോൾ ടൂർണമെന്റാണ് കോപ്പ ഡെൽ റേ.

- ഇന്ത്യൻ പ്രീമിയർ ലീഗിന്റെ (ഐപിഎൽ) ചരിത്രത്തിൽ സെഞ്ചുറി നേടുന്ന ഏറ്റവും പ്രായം കുറഞ്ഞ താരം എന്ന റെക്കോഡ് സ്വന്തമാക്കിയത് - വൈഭവ് സൂര്യവംശി
    - ➔ 35 പന്തിൽ സെഞ്ചുറി നേടിയ വൈഭവ് സൂര്യവംശി ഐപിഎൽ ചരിത്രത്തിൽ ഏറ്റവും വേഗത്തിൽ സെഞ്ചുറി നേടുന്ന രണ്ടാമത്തെ താരമാണ്. 30 പന്തിൽ സെഞ്ചുറി നേടിയ ക്രിസ് ഗെയിൽ ആണ് ഐപിഎൽ ചരിത്രത്തിൽ ഏറ്റവും വേഗത്തിൽ സെഞ്ചുറി നേടിയ താരം.
    - ➔ ഇന്ത്യൻ പ്രീമിയർ ലീഗിന്റെ (ഐപിഎൽ) ചരിത്രത്തിൽ അരങ്ങേറുന്ന ഏറ്റവും പ്രായം കുറഞ്ഞ താരമാണ് വൈഭവ് സൂര്യവംശി. 14 വർഷവും 23 ദിവസവും മാത്രം പ്രായമുള്ളപ്പോഴാണ് താരത്തിന്റെ അരങ്ങേറ്റം.
    - ➔ രാജസ്ഥാൻ റോയൽസിന്റെ താരമാണ് വൈഭവ് സൂര്യവംശി.

- 2024-25 ഇംഗ്ലീഷ് പ്രീമിയർ ലീഗ് കിരീട ജേതാക്കൾ - ലിവർപൂൾ
    - ➔ 2023-24 ഇംഗ്ലീഷ് പ്രീമിയർ ലീഗ് കിരീട ജേതാക്കൾ - മാഞ്ചസ്റ്റർ സിറ്റി

- ദക്ഷിണാഫ്രിക്കയിലെ പോച്ചഫ്സ്ട്രൂമിൽ നടന്ന 2025 ലെ പോച്ച് ഇൻവിറ്റേഷണൽ മീറ്റിൽ ജാവലിൻ ത്രോയിൽ സ്വർണ്ണ മെഡൽ സ്വന്തമാക്കിയ ഇന്ത്യൻ താരം - നീരജ് ചോപ്ര

- ഇന്ത്യയിൽ ആദ്യമായി നടക്കുന്ന നീരജ് ചോപ്ര ക്ലാസിക് ജാവലിൻ ത്രോ മത്സരത്തിൽ നിന്ന് പിന്മാറിയ പാകിസ്ഥാൻ താരം - അർഷാദ് നദീം
    - ➔ 2024 ലെ പാരീസ് ഒളിമ്പിക്സിൽ ജാവലിൻ ത്രോയിൽ സ്വർണ്ണ മെഡൽ ജേതാവാണ് അർഷാദ് നദീം.

- ലോക അത്‌ലറ്റിക് ഫെഡറേഷൻ സംഘടിപ്പിക്കുന്ന നീരജ് ചോപ്ര ക്ലാസിക് ജാവലിൻ ത്രോ മത്സരത്തിന്റെ ആദ്യ പതിപ്പിന്റെ വേദി - ബെംഗളൂരു, കർണാടക

# സാഹിത്യം

- സ്വാതന്ത്ര്യ സമര സേനാനി രാം പ്രസാദ് ബിസ്മിലിന്റെ ആത്മകഥയുടെ ഇംഗ്ലീഷ് പതിപ്പ് - എ ഗ്ലിംസ് ഓഫ് മൈ ലൈഫ് (A Glimpse of My Life)
    - ➔ ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്തത് - അവധേഷ് ത്രിപാഠി

- 2024-ലെ മാതൃഭൂമി സാഹിത്യ പുരസ്കാരത്തിന് അർഹയായത് - സാറാ ജോസഫ്
    - ➔ 2023-ലെ മാതൃഭൂമി സാഹിത്യ പുരസ്കാരജേതാവ് - സക്കറിയ
    - ➔ 2022-ലെ മാതൃഭൂമി സാഹിത്യ പുരസ്കാര ജേതാവ് - സേതു

- സമസ്ത കേരള സാഹിത്യ പരിഷത്തിന്റെ 2024ലെ സമഗ്ര സംഭാവനാ പുരസ്കാരത്തിന് അർഹനായ പ്രശസ്ത കവി - വി. മധുസൂധനൻ നായർ

- എം.ടി. വാസുദേവൻ നായരോടുള്ള ആദരസൂചകമായി സുഭാഷ് ചന്ദ്രൻ രചിച്ച പുസ്തകം - എംടിത്തം

- പ്രമുഖ സ്വർണ വ്യവസായി ജോസ് ആലുക്കാസിന്റെ ആത്മകഥ - ഗോൾഡ്

# മറ്റ് പുരസ്കാരങ്ങൾ

- 2025 ഏപ്രിലിൽ ശ്രീലങ്കയുടെ പരമോന്നത സിവിലിയൻ ബഹുമതിയായ ശ്രീലങ്ക മിത്ര വിഭൂഷണ ലഭിച്ച ഇന്ത്യൻ പ്രധാനമന്ത്രി - നരേന്ദ്ര മോദി
  - ➔ ശ്രീലങ്കൻ പ്രസിഡന്റ് അനുര കുമാര ദിസനായകേയാണ് പുരസ്കാരം മോദിക്ക് നൽകിയത്.

- 2025 ഏപ്രിലിൽ പോർച്ചുഗലിലെ ലിസ്ബൺ സിറ്റി 'സിറ്റി കീ ഓഫ് ഹോണർ ' സമ്മാനിച്ചു ആദരിച്ച ഇന്ത്യൻ രാഷ്ട്രപതി - ദ്രൗപദി മുർമു

- സ്ലോവാക്യയിലെ നിട്രയിലുള്ള കോൺസ്റ്റന്റൈൻ ദി ഫിലോസഫർ യൂണിവേഴ്സിറ്റി ഓണററി ഡോക്ടറേറ്റ് നൽകി ആദരിച്ച ഇന്ത്യൻ രാഷ്ട്രപതി - ദ്രൗപതി മുർമു

- കൗൺസിൽ ഒഫ് സയന്റിഫിക് ആൻഡ് ഇൻഡസ്ട്രിയൽ റിസർച്ച് (സി.എസ്.ഐ.ആർ.) നൽകുന്ന ഭട്നാഗർ ഫെലോഷിപ്പിന് അർഹനായ മലയാളി രസതന്ത്ര ശാസ്ത്രജ്ഞൻ - ഡോ. എ. അജയഘോഷ്

- മുൻ ബ്രിട്ടീഷ് പ്രധാനമന്ത്രി ഋഷി സുനകിന്റെ രാജി ബഹുമതി പട്ടികയിൽ ഉൾപ്പെടുത്തി, ക്രിക്കറ്റിന് നൽകിയ സേവനങ്ങൾക്ക് 2025 ൽ നൈറ്റ്ഹുഡ് ബഹുമതി നൽകി ആദരിച്ച മുൻ ഇംഗ്ലണ്ട് ഫാസ്റ്റ് ബൗളർ - ജെയിംസ് ആൻഡേഴ്സൻ
  - ➔ രാജിയെത്തുടർന്ന് സ്ഥാനമൊഴിയുന്ന ബ്രിട്ടീഷ് പ്രധാനമന്ത്രിയുടെ നിർദ്ദേശപ്രകാരം നൽകുന്ന ബഹുമതികളാണ് രാജി ബഹുമതികൾ.

- ഫ്രെഡ് ഡാരിംഗ്ടൺ സാൻഡ് ആർട്ട് അവാർഡ് നേടുന്ന ആദ്യ ഇന്ത്യക്കാരൻ - സുദർശൻ പട്നായിക്

- 2025ലെ ദേശീയ പഞ്ചായത്ത് പുരസ്കാരത്തിൽ പഞ്ചായത്ത് ക്ഷമതാ നിർമാൺ സർവോത്തം സൻസ്ഥാൻ പുരസ്കാരം നേടിയത് - കില (കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ)
  - ➔ രണ്ടാമത്തെ തവണയാണ് കില പുരസ്കാരം സ്വന്തമാക്കുന്നത്.
  - ➔ ഗ്രാമപഞ്ചായത്തുകളുടെ കാര്യക്ഷമത വർധിപ്പിക്കാനും, നൈപുണ്യവികസനത്തിനും മെച്ചപ്പെട്ട സേവനം ഉറപ്പുവരുത്താനും നടത്തിയ ഇടപെടലുകളാണ് കിലയെ പുരസ്കാരത്തിന് അർഹമാക്കിയത്.

# ശാസ്ത്ര സാങ്കേതിക മേഖല

- പ്രചണ്ഡ്  ഹെലികോപ്ടറുകൾ വികസിപ്പിച്ച ഇന്ത്യയുടെ പൊതുമേഖലാ സ്ഥാപനം - ഹിന്ദുസ്ഥാൻ എയ്റോനോട്ടിക്കൽ ലിമിറ്റഡ്
  - ➔ ഹിന്ദുസ്ഥാൻ എയ്റോനോട്ടിക്കൽ ലിമിറ്റഡിൽ നിന്ന് 156 പ്രചണ്ഡ് ഹെലികോപ്ടറുകൾ വാങ്ങാനുള്ള 62,700 കോടി രൂപയുടെ കരാറിൽ പ്രതിരോധ മന്ത്രാലയം 2025 മാർച്ചിൽ ഒപ്പ് വെച്ചു.
  - ➔ തദ്ദേശീയമായി വികസിപ്പിച്ച ആദ്യ യുദ്ധ ഹെലികോപ്ടറുകളാണ് പ്രചണ്ഡ്.
  - ➔ ലൈറ്റ് കോംബാറ്റ് ഹെലികോപ്റ്റർ (LCH) എന്നും അറിയപ്പെടുന്ന പ്രചണ്ഡ്,5,000 മീറ്റർ ഉയരത്തിൽ ഇറങ്ങാനും പറന്നുയരാനും കഴിയുന്ന ഹെലികോപ്ടറാണ്.

- ഭൂമിയുടെ ധ്രുവപ്രദേശങ്ങൾ പര്യവേക്ഷണം ചെയ്യുന്നതിനായി വിജയകരമായി വിക്ഷേപിച്ച, ലോകത്തെ ആദ്യത്തെ മനുഷ്യ ബഹിരാകാശ യാത്രാ ദൗത്യം - ഫ്രാം 2 (Fram 2)
    - ➔ സ്പേസ് എക്സ് നടത്തിയ ഒരു സ്വകാര്യ മനുഷ്യ ബഹിരാകാശ യാത്രാ ദൗത്യമാണ് ഫ്രാം 2.
    - ➔ യുഎസ്സിലെ ഫ്ളോറിഡയിലെ കെന്നഡി സ്പേസ് സെന്ററിൽ നിന്നായിരുന്നു വിക്ഷേപണം.
    - ➔ സ്പേസ് എക്സിന്റെ റെസിലിയൻസ് എന്ന ഡ്രാഗൺ ക്രൂ ക്യാപ്സ്യൂളിൽ നാല് യാത്രികരാണ് ഫ്രാം 2 ദൗത്യത്തിലുള്ളത്.
    - ➔ ക്രിപ്റ്റോകറൻസി സംരംഭകനായ ചുൻ വാങ് ആണ് ഫ്രാം 2 ദൗത്യസംഘത്തെ നയിക്കുന്നത്.
    - ➔ സാധാരണ ബഹിരാകാശപേടകങ്ങളിൽ നിന്ന് വ്യത്യസ്തമായി തെക്കുവടക്കുദിശയിലാണ് ഫ്രാം 2 ഭൂമിയെ ചുറ്റിക്കറങ്ങുന്നത്. ഇതാദ്യമായാണ് മനുഷ്യരേയും വഹിച്ചുകൊണ്ടുള്ള ഒരു ബഹിരാകാശദൗത്യം 90 ഡിഗ്രിയിൽ ധ്രുവീയ ഭ്രമണപഥത്തിലൂടെ അഥവാ പോളാർ ഓർബിറ്റിലൂടെ ഭൂമിയെ ചുറ്റിക്കറങ്ങുന്നത്.
    - ➔ ഉത്തര, ദക്ഷിണധ്രുവങ്ങളിൽ 19-ാം നൂറ്റാണ്ടിൽ പര്യവേഷണം നടത്തിയ നോർവീജിയൻ കപ്പലായ ഫ്രാമിന്റെ പേരാണ് സ്പേസ് എക്സ് തങ്ങളുടെ പോളാർ ബഹിരാകാശ ദൗത്യത്തിന് നൽകിയത്.

- ചൊവ്വയിൽ ഇതുവരെ കണ്ടെത്തിയതിൽ വച്ച് ഏറ്റവും വലിയ ജൈവ തന്മാത്രകളെ അടുത്തിടെ കണ്ടെത്തിയ നാസയുടെ റോവർ - ക്യൂരിയോസിറ്റി

- രാജ്യത്തെ ആരോഗ്യകേന്ദ്രങ്ങളിൽ പേവിഷ, പാമ്പുവിഷ വാക്സിൻ ലഭ്യത ഉറപ്പാക്കാൻ ആരംഭിച്ച ഡിജിറ്റൽ പ്ലാറ്റ്ഫോം - സൂവിൻ (ZooWIN)
    - ➔ നാഷണൽ സെന്റർ ഫോർ ഡിസീസ് കൺട്രോൾ (NCDC) ആണ് പോർട്ടൽ വികസിപ്പിച്ചത്.

- കൗൺസിൽ ഓഫ് സയന്റിഫിക് ആൻഡ് ഇൻഡസ്ട്രിയൽ റിസർച്ചും (CSIR) നാഷണൽ എയ്റോസ്പേസ് ലബോറട്ടറീസും (NAL) തദ്ദേശീയമായി രൂപകൽപ്പന ചെയ്ത് വികസിപ്പിച്ചെടുത്ത പരിശീലന വിമാനം - ഹൻസ-3 (എൻജി)

- 2025 ഏപ്രിലിൽ Su-30 MKI വിമാനത്തിൽ നിന്ന് DRDO വിജയകരമായി പരീക്ഷിച്ച ലോംഗ് റേഞ്ച് ഗ്ലൈഡ് ബോംബ് - ഗൗരവ്

- ഇന്ത്യ ആദ്യമായി തദ്ദേശീയമായി വികസിപ്പിച്ച, എയർക്രാഫ്റ്റുകൾ, മിസൈലുകൾ, ഡ്രോണുകൾ എന്നിവയെ നിർവീര്യമാക്കാൻ കഴിവുള്ള ലേസർ അധിഷ്ഠിത ആയുധം - സൂര്യ
  - ➔ ഡിഫൻസ് റിസർച്ച് ആൻഡ് ഡെവലപ്മെന്റ് ഓർഗനൈസേഷൻ (ഡി.ആർ.ഡി.ഒ) ആണ് ആയുധം വികസിപ്പിച്ചത്.

- 2025 ഏപ്രിൽ 14 ന് ബ്ലൂ ഒറിജിന്റെ ന്യൂ ഷെപ്പേർഡ് റോക്കറ്റിൽ ആറ് സ്ത്രീകളുമായി നടത്തിയ ഉപ-ഭ്രമണപഥ ബഹിരാകാശ യാത്ര ദൗത്യം - ബ്ലൂ ഒറിജിൻ NS-31
  - ➔ ന്യൂ ഷെപ്പേർഡ് പ്രോഗ്രാമിലെ പതിനൊന്നാമത്തെ മനുഷ്യ ബഹിരാകാശ യാത്രയായിരുന്നു NS-31.
  - ➔ ഗായിക കാറ്റി പെറി , നിർമ്മാതാവ് കെറിയാൻ ഫ്ലിൻ, ആക്ടിവിസ്റ്റ് അമാൻഡ ന്യൂയെൻ, എയ്റോസ്പേസ് എഞ്ചിനീയർ ഐഷ ബോവ്, പത്രപ്രവർത്തക ഗെയ്ൽ കിംഗ്, പൈലറ്റും പത്രപ്രവർത്തകയുമായ ലോറൻ സാഞ്ചസ് എന്നിവരായിരുന്നു യാത്രക്കാർ.

# കേരളം - പദ്ധതികൾ

- സംസ്ഥാനത്ത്  പാലുൽപാദന മേഖലയിൽ സ്വയംപര്യാപ്തത കൈവരിക്കാൻ ലക്ഷ്യമിട്ട് ക്ഷീരവികസന വകുപ്പ് നടപ്പാക്കുന്ന പദ്ധതി - ഫോകസ് ബ്ലോക്ക്
  - ➔ ക്ഷീര ഉൽപാദനത്തെ പ്രോത്സാഹിപ്പിച്ച് സംസ്ഥാനത്തെ ക്ഷീരകർഷകരുടെ ജീവിതനിലവാരം ഉയർത്തുന്നതിനുള്ള സമഗ്രമായ നടപടിയാണ് ഫോകസ് ബ്ലോക്ക് പദ്ധതി.

- വിദ്യാർത്ഥികൾക്ക് സമഗ്ര ലൈംഗിക വിദ്യാഭ്യാസം നൽകുകയെന്ന ലക്ഷ്യവുമായി പൊതുവിദ്യാഭ്യാസ വകുപ്പ് നടപ്പാക്കുന്ന പദ്ധതി - പ്രോജക്ട് എക്സ്
  - ➔ ജില്ലാ ഭരണകൂടവും കേരള സംസ്ഥാന പൊതുവിദ്യാഭ്യാസ വകുപ്പും കനൽ ഇന്നോവേഷൻസ് ചാരിറ്റബിൾ ട്രസ്റ്റും ചേർന്നു ഗൈഡ് ഹൗസ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡിന്റെ സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതിയാണ് പ്രൊജക്റ്റ് എക്സ്.

- സംസ്ഥാനത്തെ ആദിവാസി ഊരുകളിൽ വിശദമായ സർവേ നടത്തി, മൺമറയാൻ സാദ്ധ്യതയുള്ള കലാരൂപങ്ങൾ കണ്ടെത്തി വേദികളിലെത്തിക്കാനുള്ള കുടുംബശ്രീയുടെ പദ്ധതി - ജൻ ഗൽസ
  - ➔ വയനാട്ടിലെ ഗോത്ര വിഭാഗമായ പണിയരുടെ ഭാഷയിൽ 'ഗൽസ' എന്ന വാക്കിന് ഉത്സവം എന്നാണ് അർത്ഥം. ജനങ്ങളുടെ ഉത്സവം എന്നാണ് ജൻ ഗൽസ എന്ന വാക്കിന്റെ അർത്ഥം.

# സിനിമ

- പൂർണമായും ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (എഐ) സാങ്കേതിക വിദ്യയിലൂടെ നിർമ്മിച്ച ലോകത്തിലെ ആദ്യത്തെ ഫീച്ചർ ഫിലിം - ലവ് യു
    - സംവിധാനം - എസ് നരസിംഹമൂർത്തി
    - സെൻട്രൽ ബോർഡ് ഓഫ് ഫിലിം സർട്ടിഫിക്കേഷൻ (സിബിഎഫ്സി) 'ലവ് യു'വിന് ഔദ്യോഗികമായി യു/എ സർട്ടിഫിക്കറ്റ് നൽകിയതോടെ , ഇന്ത്യയിൽ തിയേറ്റർ റിലീസിന് അംഗീകാരം ലഭിച്ച ആദ്യത്തെ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (എഐ) സിനിമ എന്ന നേട്ടവും ഈ കന്നട സിനിമ സ്വന്തമാക്കി.

# നിയമനങ്ങൾ

- കേരള ബ്ലാസ്റ്റേഴ്സ് എഫ്സിയുടെ പുതിയ മുഖ്യ പരിശീലകനായി നിയമിതനായത് - ഡേവിഡ് കാറ്റല

- ഇന്ത്യയുടെ പുതിയ ധനകാര്യ സെക്രട്ടറിയായി നിയമിതനായത് - അജയ് സേത്
    - ഈ സ്ഥാനം വഹിച്ചിരുന്ന തുഹിൻ കാന്ത പാണ്ഡെ സെക്യൂരിറ്റീസ് ആൻഡ് എക്സ്ചേഞ്ച് ബോർഡ് ഓഫ് ഇന്ത്യയുടെ (സെബി) ചെയർമാനായി ചുമതലയേറ്റതിനെത്തുടർന്നാണ് പുതിയ നിയമനം.

- ബെലറൂസ് പ്രസിഡൻറായി ഏഴാംതവണയും തിരഞ്ഞെടുക്കപ്പെട്ട വ്യക്തി - അലക്സാണ്ടർ ലുക്കാഷങ്കോ
- റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ (ആർബിഐ) പുതിയ ഡപ്യൂട്ടി ഗവർണറായി നിയമിതയായത് - പൂനം ഗുപ്ത
    - ജനുവരിയിൽ വിരമിച്ച മൈക്കൽ ഡി. ബത്രയ്ക്കുപകരമായാണ് പൂനം ഗുപ്തയുടെ നിയമനം.

- പ്രധാനമന്ത്രിയുടെ പുതിയ സാമ്പത്തിക ഉപദേഷ്ടാവായി നിയമിതനായത് - സഞ്ജയ് കുമാർ മിശ്ര

- യു.എസിലെ നാഷണൽ ഹെൽത്ത് ഇൻസ്റ്റിറ്റ്യൂട്ടിന്റെ (എൻ.ഐ.എച്ച്.) ഡയറക്ടറായി നിയമിതനായ ഇന്ത്യൻവംശജനായ ശാസ്ത്രജ്ഞൻ - ജയ് ഭട്ടാചാര്യ

- പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ പ്രൈവറ്റ് സെക്രട്ടറിയായി നിയമിതയായത് - നിധി തിവാരി

- കോമൺവെൽത്ത് സെക്രട്ടറി ജനറലാകുന്ന ആദ്യ ആഫ്രിക്കൻ വനിത - ഷേർലി ബോച്ച്വേ
    - ➔ കോമൺവെൽത്തിന്റെ ഏഴാമത്തെ സെക്രട്ടറി ജനറലാണ് ഷേർലി ബോച്ച്വേ.

- ഐസിസി പുരുഷ ക്രിക്കറ്റ് കമ്മിറ്റിയുടെ ചെയർമാനായി രണ്ടാമതും നിയമിതനായത് - സൗരവ് ഗാംഗുലി

- ജമ്മു കശ്മീർ, ലഡാക്ക് ഹൈക്കോടതിയുടെ പുതിയ ചീഫ് ജസ്റ്റിസായി നിയമിതനായത് - ജസ്റ്റിസ് അരുൺ പള്ളി

- 23-ാം നിയമ കമ്മിഷന്റെ അധ്യക്ഷനായി നിയമിതനായ സുപ്രീംകോടതി മുൻ ജഡ്ജി - ദിനേഷ് മഹേശ്വരി
    - ➔ ഹിതേഷ് ജയിൻ, പ്രൊഫ. ഡി.പി. വർമ എന്നിവർ നിയമ കമ്മിഷന്റെ അംഗങ്ങളായും നിയമിതരായി.

- എയർ ഇന്ത്യ എക്സ്പ്രസിന്റെ പുതിയ ചെയർമാനായി നിയമിതനായത് - നിപുൺ അഗർവാൾ

- യുനെസ്കോയുടെ പിന്തുണയുള്ള ഇന്റർനാഷണൽ സെന്റർ ഓഫ് ഫിലിംസ് ഫോർ ചിൽഡ്രൻ ആൻഡ് യംഗ് പീപ്പിളിന്റെ (CIFEJ) പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട പ്രശസ്ത ഇന്ത്യൻ ചലച്ചിത്ര നിർമ്മാതാവ് - ജിതേന്ദ്ര മിശ്ര

- കേരളത്തിന്റെ 50-ാമത് ചീഫ് സെക്രട്ടറിയായി നിയമിതനായത് - എ. ജയതിലക്
  - ➔ ശാരദാ മുരളീധരന്റെ പിൻഗാമിയായാണ് എ.ജയതിലക് ചീഫ് സെക്രട്ടറി പദവിയിലെത്തുന്നത്.

# വിയോഗം

- 2025 ഏപ്രിലിൽ അന്തരിച്ച പ്രശസ്ത ലാറ്റിനമേരിക്കൻ സാഹിത്യകാരൻ - മാരിയോ വർഗാസ് യോസ
  - ➔ ഗബ്രിയേൽ ഗാർസിയ മാർകേസിന് ശേഷം ലാറ്റിനമേരിക്കൻ സാഹിത്യത്തെ ലോകപ്രശസ്തിയിലേക്കെത്തിച്ച എഴുത്തുകാരനാണ് മാരിയോ വർഗാസ് യോസ.
  - ➔ മാരിയോ വർഗാസ് യോസയുടെ ആദ്യ നോവൽ 'ദ ടൈം ഓഫ് ദ ഹീറോ'യാണ്.
  - ➔ 2010-ൽ അദ്ദേഹത്തിന് സാഹിത്യത്തിന് നൊബേൽ സമ്മാനം ലഭിച്ചു.
  - ➔ പ്രധാന കൃതികൾ - ദ ടൈം ഓഫ് ദ ഹീറോ, കോൺവർസേഷൻ ഇൻ ദ കത്തീഡ്രൽ, ഫീസ്റ്റ് ഓഫ് ദ ഗോട്ട്, ഓൺഡ് ജൂലിയ ആന്റ് ദ സ്ക്രിപ്റ്റ് റൈറ്റർ, കാപ്റ്റൻ പന്റോജ ആന്റ് ദ സ്പെഷ്യൽ സർവീസ്, ദ വാർ ഓഫ് ദ എന്റ് ഓഫ് ദ വേൾഡ്.

- 2025 ഏപ്രിലിൽ അന്തരിച്ച പ്രശസ്ത കഥക് നർത്തകി - കുമുദിനി ലാഖിയ
    - അഹമ്മദാബാദിലെ കദമ്പ് സെന്റർ ഫോർ ഡാൻസിന്റെ സ്ഥാപകയാണ്.
    - ഉംറാവു ജാൻ (1981) എന്ന ഹിന്ദി ചിത്രത്തിൽ കുമുദിനി ലാഖിയ നൃത്തസംവിധായകയായി പ്രവർത്തിച്ചു.
    - 1990-91 ൽ കേന്ദ്ര സംഗീത നാടക അക്കാദമി ചെയർപേഴ്സൺ ആയി പ്രവർത്തിച്ചിട്ടുണ്ട്.
    - 2012 ൽ കേന്ദ്ര സംഗീത നാടക അക്കാദമിയുടെ ടാഗോർ രത്ന അവാർഡും ലഭിച്ചു.
    - 2021 ലെ ഗുരു ഗോപിനാഥ് ദേശീയ നാട്യ പുരസ്കാര ജേതാവ്.
    - രാജ്യം 1987-ൽ പത്മശ്രീയും 2010-ൽ പത്മഭൂഷണും 2025-ല പത്മവിഭൂഷണും നൽകി ആദരിച്ചു.

- 2025 ഏപ്രിലിൽ അന്തരിച്ച തെലങ്കാനയുടെ 'വൃക്ഷമനുഷ്യൻ' എന്നറിയപ്പെടുന്ന പരിസ്ഥിതി പ്രവർത്തകൻ - ദാരിപ്പള്ളി രാമയ്യ
    - വനവത്കരണത്തിനുവേണ്ടിയുള്ള പ്രവർത്തനങ്ങളിൽ മുന്നിട്ടുനിന്ന അദ്ദേഹം 'വനജീവി' എന്നപേരിലും അറിയപ്പെട്ടിരുന്നു.
    - പരിസ്ഥിതി സംരക്ഷണങ്ങളുടെ ഭാഗമായി ഒരു ഒരുകോടിയിലേറെ വൃക്ഷത്തൈകളാണ് നട്ടുപിടിപ്പിച്ചത്.
    - പരിസ്ഥിതി സംരക്ഷണത്തിനായുള്ള അദ്ദേഹത്തിന്റെ സംഭാവനകൾക്ക് 2017-ൽ രാജ്യം പത്മശ്രീ നൽകി ആദരിച്ചു.

- 2025 ഏപ്രിലിൽ അന്തരിച്ച, ഇന്ത്യയിലെ 'ആൻജിയോപ്ലാസ്റ്റിയുടെ പിതാവ്' എന്നറിയപ്പെടുന്ന പ്രശസ്ത മലയാളി കാർഡിയോളജിസ്റ്റ് - ഡോ. മാത്യു സാമുവൽ കളരിക്കൽ
    - 1986-ൽ ഇന്ത്യയിൽ ആദ്യത്തെ ആൻജിയോപ്ലാസ്റ്റി നടത്തിയത് ഡോ. മാത്യു സാമുവൽ കളരിക്കൽ ആണ്, കൂടാതെ ഏഷ്യ-പസഫിക് മേഖലയിലെ നിരവധി

രാജ്യങ്ങളിൽ ആൻജിയോപ്ലാസ്റ്റി സൗകര്യങ്ങൾ സ്ഥാപിക്കുന്നതിലും അദ്ദേഹം നിർണായക പങ്കുവഹിച്ചു.
- ➔ 2000 ൽ രാജ്യം പത്മശ്രീ നൽകി ആദരിച്ചു.

- 2025 ഏപ്രിലിൽ അന്തരിച്ച ആഗോള കത്തോലിക്കാ സഭയുടെ തലവൻ - ഫ്രാൻസിസ് മാർപാപ്പ
  - ➔ യാഥാർത്ഥ പേര് - ജോർജ് മാരിയോ ബെർഗോളിയ
  - ➔ അർജന്റീനയിലെ ബ്യൂണസ് അയേഴ്സിൽ ജനനം.
  - ➔ 2013 മാർച്ച് 13-ന് കർദിനാൾ ജോർജ് മാരിയോ ബെർഗോളിയ കത്തോലിക്കാ സഭയുടെ 266-ാമത് മാർപാപ്പയായി തിരഞ്ഞെടുക്കപ്പെട്ടു.
  - ➔ ലാറ്റിൻ അമേരിക്കയിൽ നിന്നുള്ള ആദ്യപാപ്പയായിരുന്നു ഫ്രാൻസിസ് മാർപാപ്പ.

- 2025 ഏപ്രിലിൽ അന്തരിച്ച പ്രമുഖ ചരിത്രപണ്ഡിതനും, അധ്യാപകനും, എഴുത്തുകാരനുമായ വ്യക്തി - പ്രൊഫ. എം.ജി.എസ്. നാരായണൻ
  - ➔ മുഴുവൻ പേര് - മുറ്റയിൽ ഗോവിന്ദമേനോൻ ശങ്കരനാരായണൻ
  - ➔ ഇന്ത്യൻ കൗൺസിൽ ഓഫ് ഹിസ്റ്റോറിക്കൽ റിസർച്ചിന്റെ ചെയർമാനായി (2001–03) സേവനമനുഷ്ഠിച്ചു.
  - ➔ ആത്മകഥ - ജാലകങ്ങൾ: ഒരു ചരിത്രാന്വേഷിയുടെ വഴികൾ, കാഴ്ചകൾ
  - ➔ ജാലകങ്ങൾ: ഒരു ചരിത്രാന്വേഷിയുടെ വഴികൾ, കാഴ്ചകൾ എന്ന ആത്മകഥാ പുസ്തകം 2019 ലെ കേരള സാഹിത്യ അക്കാദമി പുരസ്കാരം നേടി.
  - ➔ പ്രധാന പുസ്തകങ്ങൾ - ഇന്ത്യൻ ചരിത്ര പരിചയം, സാഹിത്യ അപരാധങ്ങൾ, കേരള ചരിത്രത്തിന്റെ അടിസ്ഥാന ശിലകൾ, കോഴിക്കോടിന്റെ കഥ, സെക്കുലർ ജാതിയും സെക്കുലർ മതവും, ജനാധിപത്യവും കമ്മ്യൂണിസവും, പെരുമാൾസ് ഓഫ് കേരള

- 2025 ഏപ്രിലിൽ അന്തരിച്ച മുൻ ഐഎസ്ആർഒ ചെയർമാൻ - ഡോ കെ. കസ്തൂരിരംഗൻ
    - ➔ മുഴുവൻ പേര് - കൃഷ്ണസ്വാമി കസ്തൂരിരംഗൻ
    - ➔ 1994 മുതൽ 2003 വരെ ഐഎസ്ആർഒയുടെ ചെയർമാനായിരുന്നു ഡോ. കസ്തൂരിരംഗൻ.
    - ➔ ഇന്ത്യയുടെ ആദ്യ രണ്ട് ഭൗമനിരീക്ഷണ പരീക്ഷണ സാറ്റ്ലൈറ്റുകളായ ഭാസ്കര 1, ഭാസ്കര 2 എന്നീ ഉപഗ്രഹങ്ങളുടെ പ്രൊജക്ട് ഡയറക്ടറായിരുന്നു.
    - ➔ സ്പേസ് കമ്മീഷൻ ചെയർമാൻ, ബഹിരാകാശ വകുപ്പ് സെക്രട്ടറി എന്നീ സ്ഥാനങ്ങളിലും അദ്ദേഹം സേവനമനുഷ്ഠിച്ചിട്ടുണ്ട്.
    - ➔ പശ്ചിമഘട്ട സംരക്ഷണത്തിനായി ഗാഡ്ഗിൽ സമിതി മുന്നോട്ടുവെച്ച ശുപാർശകൾ വിലയിരുത്തി പ്രത്യേകം റിപ്പോർട്ട് സമർപ്പിച്ചത് കസ്തൂരിരംഗന്റെ നേതൃത്വത്തിലുള്ള സംഘമായിരുന്നു.
    - ➔ 2003-2009 വരെ രാജ്യസഭാ അംഗമായിരുന്നു.
    - ➔ 2020ലെ ദേശീയ വിദ്യാഭ്യാസ നയം രൂപീകരണത്തിന് മേൽനോട്ടം വഹിച്ചു.
    - ➔ രാജ്യം 1982 ൽ പത്മശ്രീ, 1992ൽ പത്മഭൂഷൺ, 2000 ൽ പത്മവിഭൂഷൺ എന്നിവ നൽകി ആദരിച്ചു.

- 2025 ഏപ്രിലിൽ അന്തരിച്ച പ്രശസ്ത മലയാള ചലച്ചിത്ര സംവിധായകനും ഛായാഗ്രാഹകനുമായ വ്യക്തി - ഷാജി എൻ. കരുൺ
    - ➔ ഛായാഗ്രാഹകനായി മലയാള സിനിമയിൽ അരങ്ങേറിയ അദ്ദേഹം 40-ഓളം ചിത്രങ്ങളിൽ ക്യാമറക്ക് പിന്നിൽ പ്രവർത്തിച്ചു.
    - ➔ സംവിധായകനെന്ന നിലയിൽ 'പിറവി'യാണ് ആദ്യ ചിത്രം.
    - ➔ സംവിധാനം ചെയ്ത ചിത്രങ്ങൾ - പിറവി, സ്വപാനം, സ്വം, വാനപ്രസ്ഥം, നിഷാദ്, ഓള്, കുട്ടിസ്രാങ്ക്
    - ➔ 1998-ൽ രൂപം കൊണ്ട കേരള സംസ്ഥാന ചലച്ചിത്ര അക്കാദമിയുടെ ആദ്യ ചെയർമാൻ ആയിരുന്നു . .ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവൽ ഓഫ് കേരള

(ഐഎഫ്എഫ്കെ)യുടെ അധ്യക്ഷസ്ഥാനവും വഹിച്ചിട്ടുണ്ട്.

➔ രാജ്യം 2011-ൽ പത്മശ്രീ നൽകി ആദരിച്ചു.

അന്താരാഷ്ട്ര ചലച്ചിത്ര പുരസ്കാരങ്ങൾ,നേട്ടങ്ങൾ

➔ 1989 : കാൻ ഫിലിം ഫെസ്റ്റിവൽ, ക്യാമറാ ഡി ഓർ-പ്രത്യേക പരാമർശം (ചിത്രം - പിറവി)
➔ 1989 : ലണ്ടൻ ഫിലിം ഫെസ്റ്റിവൽ, ഔട്ട് സ്റ്റാൻഡിങ് ഫിലിം അവാർഡ് (ചിത്രം - പിറവി)
➔ 1994 : കാൻ ഫിലിം ഫെസ്റ്റിവൽ , പാം ഡി ഓർ നോമിനേഷൻ (ചിത്രം - സ്വം)
➔ 1999 : ഓർഡർ ഓഫ് ആർട്ട് ലെറ്റേഴ്സ് - ഫ്രെഞ്ച് സർക്കാർ
➔ 1999 : കാൻ ഫിലിം ഫെസ്റ്റിവലിൽ വാനപ്രസ്ഥം സിനിമയുടെ പ്രത്യേക പ്രദർശനം

ദേശീയ ചലച്ചിത്ര പുരസ്കാരങ്ങൾ

➔ 1979 : മികച്ച ഛായാഗ്രാഹകൻ (ചിത്രം - തമ്പ്)
➔ 1989 : മികച്ച ചിത്രം (ചിത്രം - പിറവി)
➔ 1989 : മികച്ച സംവിധായകൻ (ചിത്രം - പിറവി)
➔ 1995 : പ്രത്യേക ജൂറി പരാമർശം (ചിത്രം - സ്വം)
➔ 1997 : മികച്ച നോൺ ഫീച്ചർ ഫിലിം (ചിത്രം - ഷാംസ് വിഷൻ)
➔ 1999 : മികച്ച ചിത്രം (ചിത്രം - വാനപ്രസ്ഥം)
➔ 2009 : മികച്ച ചിത്രം (ചിത്രം - കുട്ടിസ്രാങ്ക്)

സംസ്ഥാന ചലച്ചിത്ര പുരസ്കാരങ്ങൾ

➔ 1977 : മികച്ച ക്യാമറാമാൻ (ചിത്രം - കാഞ്ചനസീത)
➔ 1981 : മികച്ച ക്യാമറാമാൻ (ചിത്രം -എസ്തപ്പാൻ)
➔ 1986 : മികച്ച ക്യാമറാമാൻ (ചിത്രം - ഒന്നു മുതൽ പൂജ്യം വരെ)
➔ 1988 : മികച്ച രണ്ടാമത്തെ ചിത്രം (ചിത്രം - പിറവി)
➔ 1994 : മികച്ച രണ്ടാമത്തെ ചിത്രം (ചിത്രം -സ്വം)
➔ 1999 : മികച്ച സംവിധായകൻ (ചിത്രം - വാനപ്രസ്ഥം)

➔ 2024 : ജെ.സി. ഡാനിയേൽ പുരസ്കാരം

- 2025 ഏപ്രിലിൽ അന്തരിച്ച പ്രശസ്ത കഥകളി മദ്ദള ആചാര്യൻ - കലാമണ്ഡലം നാരായണൻ നായർ

# വേദികൾ

- 2025-ലെ വനിതാ ഏകദിന ലോകകപ്പിന്റെ വേദി - ഇന്ത്യ
  - ➔ വനിതാ ഏകദിന ലോകകപ്പിന്റെ 13-ാമത് പതിപ്പ്

- ആറാമത് ബിംസ്റ്റെക് ഉച്ചകോടിയുടെ വേദി - ബാങ്കോക്ക്, തായ്ലാൻഡ്
  - ➔ ബേ ഓഫ് ബംഗാൾ ഇനീഷിയേറ്റീവ് ഫോർ മൾട്ടി സെക്ടറൽ ടെക്നിക്കൽ ആൻഡ് എക്കണോമിക്കൽ കോർപ്പറേഷൻ (Bay of Bengal Initiative for Multi-Sectoral Technical and Economic Cooperation ) എന്നതിന്റെ ചുരുക്കെഴുത്താണ് ബിംസ്റ്റെക് (BIMSTEC).
  - ➔ ഏഴ് അംഗരാഷ്ട്രങ്ങളടങ്ങിയ ബിംസ്റ്റെക് പേര് സൂചിപ്പിക്കുന്നത് പോലെ തന്നെ ബംഗാൾ ഉൾക്കടലിനോട് ചേർന്ന് കിടക്കുന്ന ഏഴ് രാഷ്ട്രങ്ങളുടെ കൂട്ടായ്മയാണ്.
  - ➔ ബംഗ്ലാദേശ്, ഭൂട്ടാൻ, ഇന്ത്യ, മ്യാൻമാർ, നേപ്പാൾ, ശ്രീലങ്ക, തായ്ലാൻഡ് എന്നീ രാജ്യങ്ങളാണ് അംഗങ്ങൾ.

- 2025-ലെ ഖേലോ ഇന്ത്യ യൂത്ത് ഗെയിംസിന്റെ വേദി - ബിഹാർ
  - ➔ ഖേലോ ഇന്ത്യ യൂത്ത് ഗെയിംസിന്റെ 7-ാമത് പതിപ്പ്.

- ലോക അത്‌ലറ്റിക് ഫെഡറേഷൻ സംഘടിപ്പിക്കുന്ന നീരജ് ചോപ്ര ക്ലാസിക് ജാവലിൻ ത്രോ മത്സരത്തിന്റെ ആദ്യ പതിപ്പിന്റെ വേദി - ഹരിയാന, ഇന്ത്യ

- ഇന്ത്യയുടെ വിദേശകാര്യ മന്ത്രാലയം സംഘടിപ്പിക്കുന്ന 2025-ലെ ആഗോള സാങ്കേതിക ഉച്ചകോടിയുടെ വേദി - ന്യൂഡൽഹി

- ലോകത്തിലെ ആദ്യത്തെ ഹ്യൂമനോയിഡ് റോബോട്ടുകളുടെ ഹാഫ്-മാരത്തണിന് വേദിയായത് - ബെയ്ജിംഗ്, ചൈന

- രണ്ടാമത് ഏഷ്യൻ യോഗാസന സ്പോർട് ചാമ്പ്യൻഷിപ്പിന്റെ വേദി - ന്യൂഡൽഹി
    - ➔ യോഗാസനയെ ഒരു മത്സരാധിഷ്ഠിത ആഗോള കായിക ഇനമായി പ്രോത്സാഹിപ്പിക്കാനുള്ള സർക്കാർ ശ്രമത്തിന്റെ ഭാഗമായാണ് ചാമ്പ്യൻഷിപ്പ് സംഘടിപ്പിക്കുന്നത്.

# സൈനികാഭ്യാസം

- അരുണാചൽ പ്രദേശിലെ ഈസ്റ്റേൺ കമാൻഡിന് കീഴിൽ ഇന്ത്യൻ സൈന്യം നടത്തിയ ട്രൈ-സർവീസ് സംയോജിത മൾട്ടി-ഡൊമെയ്ൻ യുദ്ധാഭ്യാസം - പ്രചണ്ഡ് പ്രഹാർ

- യുഎസ്-ഇന്ത്യ തന്ത്രപരമായ സമുദ്ര സഹകരണം ശക്തിപ്പെടുത്തുന്നതിനും, പ്രതിരോധ പങ്കാളിത്തം ശക്തിപ്പെടുത്തുന്നതിനുമായി നടത്തുന്ന ഹ്യുമാനിറ്റേറിയൻ അസ്സിസ്റ്റൻസ് ആൻഡ് ഡിസാസ്റ്റർ റിലീഫ് (HADR) ആംഫിബിയസ് സൈനിക അഭ്യാസം - ടൈഗർ ട്രയംഫ് 2025

- 2025 ഏപ്രിലിൽ ഇന്ത്യൻ വ്യോമസേന നടത്തിയ വ്യോമാഭ്യാസം - ഓപ്പറേഷൻ ആക്രമൺ

# പ്രധാന ദിനങ്ങൾ

- ലോക ആരോഗ്യ ദിനം - ഏപ്രിൽ 7
  - 2025 Theme - ‘Healthy Beginnings, Hopeful Futures’
  - 1950 മുതൽ ലോകാരോഗ്യ സംഘടനയുടെ സ്ഥാപക ദിനം (1948 ഏപ്രിൽ 7) ലോക ആരോഗ്യ ദിനമായി ആചരിക്കുന്നു.

- ലോക ഹോമിയോപതി ദിനം - ഏപ്രിൽ 10
  - ഹോമിയോപ്പതിയുടെ സ്ഥാപകനായി കണക്കാക്കപ്പെടുന്ന ഡോ. സാമുവൽ ഹാനിമാന്റെ ജന്മദിനമാണ് ലോക ഹോമിയോപതി ദിനമായി ആചരിക്കുന്നത്.

- അംബേദ്കർ ജയന്തി - ഏപ്രിൽ 14
  - 1891 ഏപ്രിൽ 14-ന് ജനിച്ച ഡോ. ബാബാസാഹെബ് അംബേദ്കറുടെ ജന്മദിനമാണ് അംബേദ്കർ ജയന്തി അല്ലെങ്കിൽ ഭീം ജയന്തിയായി ആഘോഷിക്കുന്നത്.

- ലോക ഹീമോഫീലിയ ദിനം - ഏപ്രിൽ 17
  - 2025 Theme - Access for all: Women and girls bleed too
  - ഹീമോഫീലിയയെകുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനായി എല്ലാ വർഷവും ഏപ്രിൽ 17 ന് ലോക ഹീമോഫീലിയ ദിനം ആചരിക്കുന്നു.

- ലോക പൈതൃക ദിനം - ഏപ്രിൽ 18
  - നമ്മുടെ സാംസ്കാരിക വൈവിധ്യം സംരക്ഷിക്കുന്നതിനുള്ള അവബോധം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ എല്ലാ വർഷവും ഏപ്രിൽ 18 ലോക പൈതൃക ദിനമായി ആചരിക്കുന്നു.

- ലോക കരൾ ദിനം - ഏപ്രിൽ 19
  - ➔ 2025 Theme - Food is Medicine
  - ➔ കരളുമായി ബന്ധപ്പെട്ട രോഗങ്ങളെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനായി ഏപ്രിൽ 19 കരൾദിനമായി ആചരിക്കുന്നു.

- ദേശീയ സിവിൽ സർവീസ് ദിനം - ഏപ്രിൽ 21
  - ➔ 1947 ഏപ്രിൽ 21 ന് സർദാർ വല്ലഭ് ഭായ് പട്ടേൽ സ്വതന്ത്ര ഇന്ത്യയിലെ ആദ്യത്തെ സിവിൽ സർവീസ് ഉദ്യോഗസ്ഥരെ മെറ്റ്കാൾഫ് ഹൗസിൽ അഭിസംബോധന ചെയ്തതാണ് തീയതിക്ക് കാരണം. ഉദ്വേഗജനകമായ പ്രസംഗത്തിൽ സിവിൽ സർവീസുകാരെ 'ഇന്ത്യയുടെ ഉരുക്ക് ചട്ടക്കൂട്' എന്നാണ് അദ്ദേഹം പരാമർശിച്ചത്.

- ലോക ഭൗമദിനം - ഏപ്രിൽ 22
  - ➔ 2025 Theme - OUR POWER, OUR PLANET
  - ➔ 1970 ഏപ്രിൽ 22 മുതലാണ് ലോക ഭൗമ ദിനം ആചരിച്ച് തുടങ്ങിയത്.
  - ➔ ബോധവത്കരണത്തിനൊപ്പം ഭൂമിയെ സംരക്ഷിക്കാൻ ഊർജ്ജം നൽകുകയാണ് ഈ ദിനത്തിന്റെ ലക്ഷ്യം.

- ദേശീയ പഞ്ചായത്തീ രാജ് ദിനം - ഏപ്രിൽ 24
  - ➔ താഴെത്തട്ടിലേക്ക് അധികാര വികേന്ദ്രീകരണം നടന്ന ചരിത്രപരമായ ദിനമാണ് 1993 ഏപ്രിൽ 24. ഭരണഘടനയുടെ 73-ാം ഭേദഗതിയായി 1993 ഏപ്രിൽ 24ൽ പാസ്സാക്കപ്പെട്ട പഞ്ചായത്തീരാജ് അതേദിവസം പ്രാബല്യത്തിൽ വരികയും ചെയ്തു.പ്രസ്തുത ദിനമാണ്

പഞ്ചായത്തീരാജ് മന്ത്രാലയം ദേശീയ പഞ്ചായത്തീരാജ് ദിനമായി ആഘോഷിച്ചുവരുന്നത്.

- ലോക മലേറിയ ദിനം - ഏപ്രിൽ 25
  - ➔ 2025 Theme - Malaria Ends With Us: Reinvest, Reimagine, Reignite
  - ➔ മലേറിയയെ ചെറുക്കാനുള്ള ആഗോളതലത്തിലുള്ള നടപടികളുടെ ഭാഗമായാണ് ഈ ദിനാചരണം ആഘോഷിക്കുന്നത്.
  - ➔ ലോകാരോഗ്യസംഘടനയുടെ ഭാഗമായ ലോക ഹെൽത്ത് അസംബ്ലിയുടെ അറുപതാം സമ്മേളനത്തിന്റെ തീരുമാനപ്രകാരമാണ് 2007 ൽ ലോക മലേറിയ ദിനാചരണത്തിന് തുടക്കമിട്ടത്.

# Thank you

